വേദപ്രചാര

# മധ്യസ്ഥൻ



പുസ്തകം ൭. ] 1932 ഒക്ടോബർ. ലക്കം [ 4.

Liscence No. 183.

# വിഷയവിവരണിക.


൧. മാർ യൗസേപ്പിന്റെ ജീവചരിത്രം.

ച. ശ്രു. എ. പെ. പെ. ബ. മെത്രാനച്ചൻതിരുമനസ്സുകൊണ്ട്.

൨. പ്രസാധകക്കുറിപ്പുകൾ

൩. മംഗളാശംസ.

ജേ. മീനാട്ടൂർ.

൪. വി. കൊച്ചുത്രേസ്യാസംശയമനസ്സാക്ഷികൾക്കു നൽകുന്ന (ഉപദേശം)

ക. നി. മൂ. സ. മാണിക്കത്തനാർ

൫. അകത്തോലിക്കരുടെ ഇടയിൽ

റവ. ഫാദർ. ററി. സി.

൬. ക്രിസ്തുരാജസ്തവം

പാലാത്ര ചെറിയാൻ.

൭. വി. കുർബാനയെ സംബന്ധിച്ച ചിലവിവരങ്ങൾ.

ഈ. ജെ. ഡൊമനിക്ക്.

൮. നേരിട്ടുപോരിക.

എം. പി. ലാസ്സർ.

൯. പൊതുനിയോഗം.

൧൦. സുപ്രസാദകാലം.

ബ്രദർ ജോൺമേരി.

൧൧. സാത്താന്റെസാക്ഷി.

ഫാദർ എജിദിയോസ് സി. ഡി.

൧൨ വർത്തമാനക്കുറിപ്പുകൾ.

൧൩ ഉപകാരസ്മരണകൾ.

൧൪ ചരമവാർത്തകൾ.

൧൫ പരസ്യങ്ങൾ.

൧൬ പഞ്ചാംഗം.

മദ്ധ്യസ്ഥൻ.

പുസ്തകം 5.) 1932 ഒക്ടോബർ. (ലക്കം 4.

# മഹാത്മാവായ മാർ യൌസേപ്പിന്റെ ജീവചരിത്രം.

## അദ്ധ്യായം ൧൩. (തുടൎച്ച.)

൧൦. മാലാഖാ വീണ്ടും പ്രത്യക്ഷനായി. അന്നു രാത്രിയിൽതന്നെ മാലാഖാ യൌസേപ്പിനു ദൃശ്യനായി, ദൈവം അവനോടു എത്രയോ പ്രസാദിച്ചിരിക്കുന്നു എന്നും, പരീക്ഷകളും ക്ലേശങ്ങളുമൊക്കെ അത്യന്തം ശാന്തതയോടെ അവൻ സഹിച്ചതുനിമിത്തം പുണ്യയോഗ്യതയിൽ അവൻ എത്രയോ അധികരിച്ചിരിക്കുന്നു എന്നും, മേലിലുള്ളവയേക്കാൾ അധികദുസ്സഹങ്ങളായ ദുഃഖങ്ങൾ അവൻ അനുഭവിക്കേണ്ടിവരുമെന്നും, അപ്പോഴൊക്കെയുംമനോശരണത്തോടെ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടാൽ മതിയെന്നും, തൽക്കാലം അവനു ലഭിച്ചിരിക്കുന്ന സമാധാനത്തേക്കാൾ ഉപരിയായ ആനന്ദ പാരവശ്യങ്ങൾ ഇനിയും പല പ്രാവശ്യം സുലഭങ്ങളാകുമെന്നും നമ്മുടെ വിശുദ്ധനെ അറിയിച്ചു. ദൈവം തന്റെ കൂടെ ഉണ്ടെങ്കിൽ എത്ര വലിയ സങ്കടങ്ങളും താൻ സഹിപ്പാൻ തയ്യാറാണെന്നും അവൻ സമാധാനപ്പെട്ടു. നമ്മുടെ ദിവ്യരക്ഷകന്റെ ദൃഷ്ടാന്തവും ഉപദേശവും അറിയുന്നതിനു വളരെ മുമ്പു യൌസേപ്പു ഇത്ര ഉയൎന്ന പുണ്യപദ്ധതിയിൽ സ്ഥിതിചെയ്തിരുന്നതു് അത്യന്തം സ്തുത്യർഹമായിരിക്കുന്നു,

## അദ്ധ്യായം ൧൪.

### വി. യൌസേപ്പിനലഭിച്ച മററു മനോഗുണങ്ങൾ.

1 ദൈവസ്നേഹപ്രകരണങ്ങൾ. തന്നെ, അത്യന്തം വിശ്വസ്തതയോടെ വി. യൗസേപ്പു സ്നേഹിച്ചിരുന്നതുനിമിത്തം, സൎവ്വേശ്വരൻ അവന്റെ ബോധത്തെ ഉപര്യുപരി പ്രകാശിപ്പിക്കുകയും അവന്റെ ഹൃദയത്തെ അധികമധികം മാൎദ്ദവമാക്കുകയും ചെയ്തിരുന്നു. ദൈവം സ്നേഹിക്കപ്പെടുന്നതിനു അതിരററ യോഗ്യതയുള്ളവനായിരിക്കെ മനുഷ്യരിലധികപങ്കും ഭൗമികപക്ഷങ്ങളിൽ മുഴുകി, ദൈവത്തെ സ്നേഹിക്കാതിരിക്കുന്നതോൎത്തുകൊണ്ട് ഇപ്രകാരം നമ്മുടെ വിശുദ്ധൻ ദൈവത്തോടു സ്നേഹസംഭാഷണംചെയ്തു. "ഒ! എന്റെ ദൈവമെ, അനന്തനന്മയായിരിക്കുന്ന അങ്ങേ സ്നേഹിക്കുന്നതിനു എനിക്കു ഒരു ഹൃദയംമാത്രമെ ഉള്ളുവല്ലൊ! മററു സകല മനുഷ്യരുടെയും ഹൃദയങ്ങൾ എന്നിൽ നീ നിൎമ്മിച്ചിരുന്നുവെങ്കിൽ, ഞാൻ അവയെല്ലാം മുഴുവനായി നിന്നെമാത്രം സ്നേഹിക്കുന്നതിനു ഉപയോഗിക്കുമായിരുന്നു. എങ്ങിനെ ബുദ്ധിയുള്ള ജീവികൾ സ്നേഹംനിറഞ്ഞ പിതാവായനിന്നെ സ്നേഹിക്കാതിരിക്കുമെന്നു് ഇനിക്കുമനസ്സിലാകുന്നില്ല.

൨. ദൈവഭയം. ദൈവത്തിനു അനിഷ്ടം വരുത്തുന്ന കാൎയ്യത്തിൽ നമ്മുടെ യൌസേപ്പിനു വലിയഭയമായിരുന്നു. ഈ ഭയം ദൈവത്തോടുള്ള അവന്റെ സ്നേഹാധിക്യത്തിൽനിന്നു ഉത്ഭവിച്ചതത്രെ. ഏററം നിസ്സാരമായ ഒരു പാപം ചെയ്യുന്നതിനു മുമ്പു് തന്റെ ഐഹിക ജീവിതം അവസാനിപ്പിക്കണമെന്നു് ദൈവത്തോടു് അവൻ സദാ പ്രാൎത്ഥിച്ചിരുന്നു. ഒരിക്കൽ ദേവാലയത്തിൽവച്ചു് മേൽപറഞ്ഞ പ്രാൎത്ഥന വളരെ തീക്ഷ്ണതയോടും കണ്ണുനീരോടുംകൂടി യൌസേപ്പ് ആവൎത്തിക്കയിൽ, ദൈവം അവന്റെ അപേക്ഷപോലെ മരണാവരെ അവൻയാതൊരു പാപത്തിലും അകപ്പെടുകയില്ലെന്നു അവനു ഉറപ്പുകൊടുത്തു. അപ്പോൾ നമ്മുടെ വിശുദ്ധൻ ആനന്ദപാരവശ്യം നിമിത്തം മന്ദിച്ചുപോയി. എന്തെന്നാൽ ദൈവത്തിനു ഇഷ്ടക്കേടു് ഒരിക്കലും വരുത്താതിരിക്കുന്നതിനേക്കാൾ വലിയഭാഗ്യം അവനു ഊഹിക്കാൻ പോലും ശക്തിയുണ്ടായില്ല.

# പ്രസാധകക്കുറിപ്പുകൾ.

## ജപമാലഭക്തി.

അനേകശതാബ്ദങ്ങളായി കത്തോലിക്കസഭയിൽ പ്രചുരപ്രചാരത്തിലിരിക്കുന്ന സുഗമവും പ്രയോജനപ്രദവും അതേസമയംതന്നെ അനേകവിശേഷദണ്ഡവിമോചനങ്ങളാലലംകൃതവുമായ ഒരു വിശിഷ്ട ഭക്തിയാണു് ജപമാല. പണ്ഡിതനും, പാമരനും, ധനികനും, നിർദ്ധനനും, വൃദ്ധനും, ബാലനും എന്നുവേണ്ട, എല്ലാവക്കും നിഷ്പ്രയാസം പരിശീലിക്കുവാൻ പറ്റിയ ഒരു ഭക്തിയാണു് ജപമാലവഴി അനുഷ്ഠിക്കപ്പെടുന്നതു്. മാനസികവും വാഗ്രൂപവുമായ ഇരുവിധ പ്രാർത്ഥനകളെ സംയോജിപ്പിച്ചുകൊണ്ടു്, ജപമാല മനുഷ്യക്കു സാക്ഷാത്തായപ്രാർത്ഥനയെ എളുപ്പമാക്കിത്തീർത്തിരിക്കുന്നു. നമ്മുടെ ദിവ്യരക്ഷിതാവിന്റെയും തന്റെ വാൽസല്യമാതാവിന്റെയും ജീവിതങ്ങളിലെ പതിനഞ്ചു പ്രധാനസംഭവങ്ങളെ ഓരോന്നായിധ്യാനിച്ചുകൊണ്ടു് ഓരോന്നിനുമിടക്കു് 1. ആ 10. നന്മ. 1 ത്രി. എന്നീ വിശിഷ്ട പ്രാർത്ഥനകൾ അധരങ്ങൾകൊണ്ടു് ഉരുവിടുന്നതിലാണു് ജപമാലഭക്തിഅടങ്ങിയിരിക്കുന്നതു്.

ഇതിനെ യഥായോഗ്യം പരിശീലിച്ചതുകാരണം അനേകവിധ അനുഗ്രഹങ്ങൾ—ആദ്ധ്യാത്മികവുംഭൌതികവുമായ അനുഗ്രഹങ്ങൾ—മനുഷ്യസമുദായത്തിനു ലഭ്യമായിട്ടുണ്ടെന്നുള്ളതിനു് സഭാചരിത്രംതന്നെ ഉത്തമസാക്ഷ്യമാണു്. തന്മൂലം മിശിഹായുടെ അനുയായികളായ നാം ഈ ഉത്തമഭക്തിയെ അ[illegible]കാലം മുഴുവനിലും പൊതുവെയും, "കൊന്തനമസ്കാ"രത്തിന്റെ കാലഘട്ടമായഒക്ടോബർമാസത്തിൽ പ്രത്യേകിച്ചും, തീക്ഷ്ണതാപൂർവ്വം പരിശീലിക്കുന്നതിനു ഉത്സുകന്മാരായിരിക്കണം.

വിശുദ്ധകുർബാനയുടെസമയത്തു് വിശ്വാസികൾ കൊന്തനമസ്കാരം കൂട്ടമായികഴിച്ചു് ലോകത്തിനു് ഇപ്പോൾ ഉണ്ടായിരിക്കുന്ന മഹാവിപത്തിൽനിന്നു് അതിനെ രക്ഷിക്കുന്നതിനു് ദൈവത്തെ പ്രാർത്ഥിക്കണമെന്നു നമ്മുടെ വന്ദ്യപിതാവു മെത്രാനച്ചൻതിരുമേനി അനുജ്ഞാപിച്ചിട്ടുള്ളതിനെ ഈ മാസംമുഴുവൻ നാം പ്രത്യേകം സ്മരിച്ചു പ്രവൃത്തിക്കണമെന്നു് എല്ലാവരേയും സാദരം ഓമ്മിപ്പിച്ചുകൊള്ളുന്നു.

വിശുദ്ധ കുർബാനയുടെ സന്നിധിയിൽ കൊന്തനമസ്കാരം (5 ദശകങ്ങളെങ്കിലും) കഴിക്കുന്ന ഓരോ പ്രാവശ്യവും പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാമെന്ന് 11—ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് സദയം കല്പിച്ചനുവദിച്ചിട്ടുള്ളതും ഈ വിശേഷഭക്തിയിൽ നാം തീക്ഷ്ണതയുള്ളവരായിരിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കാതിരിക്കയില്ലല്ലോ.

ഈ മാസം 3—ാംനു- ആണ് ലോകൈകവന്ദ്യയായ വി: കൊച്ചുത്രേസ്യായുടെ തിരുനാൾ അഘോഷിക്കപ്പെടുന്നതു്. “എന്റെ പാരത്രികജീവിതം ഭൂമിയിൽ നന്മചെയ്തുകൊണ്ട് ഞാൻ നയിക്കും” എന്നു തന്റെ മരണത്തിനുമുമ്പു ചെയ്തിട്ടുണ്ടായിരുന്ന വാഗ്ദാനത്തെ അക്ഷരാർത്ഥം നിർവ്വഹിച്ചുകൊണ്ട് സ്വർഗ്ഗീയകുസുമങ്ങളെ തന്റെ മാദ്ധ്യസ്ഥത്തെ തേടുന്ന ഭക്തന്മാരുടെമേൽ നിരന്തരം വർഷിച്ചു അനുഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഈ ശക്തയായ പുണ്യവതിയുടെ മാദ്ധ്യസ്ഥം ലോകം ഉത്തരോത്തരം തേടുന്നതിൽ അത്ഭുതപ്പെടുവാനില്ലതന്നെ. ഈ സാധ്വിയുടെനേർക്കുള്ള ഭക്തി ലോകത്തിന്റെ എല്ലാഭാഗങ്ങളിലും ഇതിനകം പ്രചുരമായിരീന്നിട്ടുണ്ടെന്നുള്ളതു് വെറും പരമാർത്ഥംമാത്രമാണ്.

എന്നാൽ യഥാർത്ഥമായ ഭക്തി സ്നേഹപൂർവമായ ബഹുമാനത്തിലും അനുകരണത്തിലുമാണ് സ്ഥിതിചെയ്യുന്നതു്. തന്മൂലം നാം വി. കൊച്ചുത്രേസ്യായെ ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യുമ്പോൾ യഥാശക്തി ഈ നമ്മുടെ മാദ്ധ്യസ്ഥയെ അനുകരിക്കുന്നതിനുകൂടി ശ്രമിച്ചേമതിയാവൂ.

ജീവിതത്തിന്റെ ഏതവസ്ഥയിലുള്ളവർക്കും അനുകരണീയമായ ജീവിതമാണ് ഈ ധന്യ നയിച്ചിട്ടുള്ളതു്. “ചെറിയ പരിത്യാഗ കുസുമങ്ങളെ ഈശോയ്ക്കു സമർപ്പിച്ചുകൊണ്ട് അവവഴിയായി തന്റെ വാത്സല്യത്തെ നമ്മിലേക്ക് ആകർഷിക്കണമെന്ന ഒരുകാര്യമേ ഇഹത്തിൽ നമുക്കു ചെയ്യാനുള്ളൂ” എന്നാണ് ഈ വിശുദ്ധ എല്ലാവരോടും ഉണർത്തിക്കുന്നതു്. ഇതു നിസ്സാരമെന്നു പ്രഥമദൃഷ്ടിയിൽ തോന്നിയേക്കാമെങ്കിലും പുണ്യവതിയുടെ ഉപദേശാനുസരണം ഇതിനെ നാം പരിശീലിക്കുന്നുവെങ്കിൽ അവർക്കുണ്ടായ അനുഭവംതന്നെ നമുക്കും ഉണ്ടാകാതിരിക്കയില്ല.

## ക്രിസ്തുവിന്റെ
# രാജത്വതിരുനാൾ.

---

വി. വത്സരമായിരുന്ന 1925—ന്റെ അവസാനത്തിൽ ന. പ. പിതാവു ആ സ്വീകാര്യകാലത്തിന്റെ സ്മാരകമായി നമ്മുടെകർത്താവീശോമിശിഹായുടെ രാജത്വതിരുനാൾ ഏർപ്പെടുത്തി.

ഒക്ടോബർമാസത്തിലെ അവസാനഞായറാഴ്ച ഈ തിരുനാൾ അഘോഷിക്കപ്പെടണമെന്നും ആ സുദിനത്തിൽ വി. കർബാന പരസ്യമായി എഴുന്നെള്ളിച്ചുവച്ചുകൊണ്ടു്. ലോകംമുഴുവൻ കർത്താവിന്റെ തിരുഹൃദയത്തിനു ചെയ്തിട്ടുള്ള അതിന്റെ പ്രതിഷ്ഠയെ പുതുക്കണമെന്നും അജ്ഞാപിച്ചു. ഈ സൽകൃത്യത്തിനു് അനേകദണ്ഡവിമോചനങ്ങൾ പ്രത്യേകിച്ചു കല്പിച്ചനുവദിക്കുകയും ചെയ്തിട്ടുണ്ടു്. നമ്മുടെ അരുമനാഥൻ ഈശോമിശിഹായ്ക്കു എല്ലാമനുഷ്യരേയും ഭരിക്കുവാനുള്ള അധികാരം ഇങ്ങനെ പ്രഖ്യാപനംചെയ്യപ്പെടണമെന്നു തിരുഹൃദയ ഭക്തന്മാർ വളരെകാലമായി ആഗ്രഹിച്ചുകൊണ്ടിരുന്നതാണു്. ഭരണകർത്താക്കന്മാരുടെ ആലോചനാസമിതികളിൽനിന്നും വിവിധ രാജ്യഭരണകൂടങ്ങളിൽനിന്നും ക്രിസ്തുവിനെ ഒഴിച്ചുനിർത്തിയിരുന്നതിൽ അവർ മനസ്ഥാപപ്പെട്ടു കൊണ്ടിരിക്കുകയായിരുന്നു. തന്മൂലം പ്രമാദരഹിതമായ അധികാരത്തോടുകൂടി മിശിഹായുടെ വികാരി, അപ്പോസ്തലോചിതമായ ധൈര്യസമേതം "ഈശോ, വ്യക്തികളുടെ മാത്രമല്ലാ, എല്ലാമനുഷ്യരുടെയും എല്ലാകുടുംബങ്ങളുടെയും എല്ലാ രാജ്യങ്ങളുടെയും രാജ്യക്കാരുടെയും രാജാവാണെ"ന്നു ചെയ്തപ്രഖ്യാപനത്തെ അവർ അഹ്ലാദഭരിതരായിത്തന്നെ സ്വീകരിച്ചു.

ഈശോയെ നമ്മുടെ രാജാവായിസ്വീകരിച്ചു തനിക്കു നമ്മിലുള്ള അധികാരാവകാശങ്ങളെ സമ്മതിച്ചുകൊടുത്തു് തന്നാൽ ഭരിക്കപ്പെടുന്നതിനു മനസ്സായി, നമ്മേയും, നമ്മുടെ കുടുംബങ്ങളേയും, നാട്ടിനേയും തനിക്കു പൂർണ്ണഹൃദയത്തോടുകൂടി പ്രതിഷ്ഠിച്ചുകൊണ്ടു അനുദിനം അനേകപ്രാവശ്യം നാം ജപിക്കുന്നതും, ലോകംമുഴുവൻ ക്രിസ്തുവിന്റെ ഭരണം സംസ്ഥാപിക്കപ്പെടണമെന്നർത്ഥമുള്ളതുമായ 'നിന്റെ രാജ്യംവരണം' എന്ന അഭ്യർത്ഥനയെ ഈ സുദിനത്തിൽ നിരന്തരം ഹൃദയംഗമമായി തീക്ഷ്ണതാപൂർവം നമുക്കു ആവർത്തിക്കാം.

സ്ഥലത്തു പ്രാക്ടീസചെയ്യുന്ന ഡോക്ടർ-എ. വി. പണിക്കർ അവർകൾ "ഹോമിയോമണിമാലിക" എന്നപേരിൽ രചിച്ചു് പ്രസി

ധപ്പെടുത്തിയിരിക്കുന്ന വൈദ്യഗ്രന്ഥത്തിന്റെ ഒരു പ്രതി ഇവിടെ അഭിപ്രായത്തിനയച്ചുതന്നതു് കൈപ്പററി നന്ദിപറഞ്ഞുകൊള്ളുന്നു.

പ്രസ്തുതഗ്രന്ഥത്തിൽ മനുഷ്യൎക്കു സാമാന്യേന ഉണ്ടാവുന്ന സർവ രോഗങ്ങൾക്കും പ്രതിവിധി നിർദ്ദേശിക്കുകയും രോഗലക്ഷണങ്ങൾ വിവരിക്കുകയുംചെയ്തിട്ടുണ്ടു്. മററു ചികിത്സക്രമങ്ങളെ അപേക്ഷിച്ചു് ജനസാമാന്യത്തിനു കൂടുതൽ പ്രതിപത്തിയുള്ള ഒന്നാണല്ലൊ ഹോമിയോപ്പതി. തന്മൂലം പ്രസ്തുത ചികിത്സാസമ്പ്രദായത്തെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ കൂടുതലായി ഉണ്ടാവുന്നതു് സന്തോഷാവഹംതന്നെ ആയിരിക്കണം. അതുകൊണ്ടു് മി. പണിക്കരുടെ ഈ നവീനകൃതിക്കു അവർ സസന്തോഷം സ്വാഗതം ആശംസിക്കുമെന്നു പ്രതീക്ഷിക്കാവുന്നതാണു്. മി. പണിക്കർ മേലിലും പല ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചുകാണ്മാൻ ആഗ്രഹിക്കുകയും പ്രസ്താവിത ഗ്രന്ഥത്തിനു സർവവിജയങ്ങളും ആശംസിക്കുകയുംചെയ്തുകൊള്ളുന്നു.

ലേഖകന്മാരോടു്.

സമയംതെററിമാത്രം ഇവിടെ കിട്ടുകകൊണ്ടും പലേ ലക്കങ്ങളിൽ തുടൎച്ചയായിചേൎക്കാതെ അവസാനിക്കയില്ലാത്തതുകൊണ്ടും ചില ലേഖനങ്ങൾ ഇത്തവണത്തെ മദ്ധ്യസ്ഥനിൽ ചേൎക്കുവാൻ തരപ്പെടാതെ വന്നതിൽ വ്യസനിക്കുന്നു.

മാസികയുടെ പക്ഷങ്ങൾ പരിമിതങ്ങളും വിഷയങ്ങൾ വിവിധങ്ങളുമാകയാൽ സുദീൎഘങ്ങളായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ പലപ്പോഴും വിഷമങ്ങൾനേരിടാറുണ്ടു്. തന്മൂലം ലേഖകന്മാർ ദയവായി കഴിയുന്നത്ര ആശയങ്ങളെ സംഗ്രഹിച്ചു് ചെറിയ ലേഖനങ്ങൾ എഴുതി അയ്ക്കുന്നതു് നന്നായിരിക്കുമെന്നു അവരെ സാദരം ഓൎമ്മിപ്പിച്ചുകൊള്ളുന്നു.

മാററത്തിനായി അയച്ചുതന്നിട്ടുള്ള "നവയുഗം" മാസിക നന്ദിപൂർവം കൈപററിയിരിക്കുന്നു.

## മംഗളാശംസ

സ്വേച്ഛയ്ക്കൊത്തവിധം പിശാചമെതിരേന്നീടില്ല, മാസികേ,
സ്വച്ഛന്ദം വിഹരിക്ക, മഞ്ജുളമതം മർത്ത്യാളി ലാളിക്കുവാൻ
ഉൾപ്പൂംതൻ നിജതനയമെന്നുകരുതിപ്പോകം പിശാചാംഗനാ-
യച്ഛർ സ്വർഗ്ഗപുരത്തിൽനിന്നു ചൊരിയും കാരുണ്യരത്നങ്ങളെ.

അംബുജാക്ഷൻ ജെ. മീനാട്ടൂർ.

## അഞ്ചാമത്തെ ദുഃഖരഹസ്യം.

ഇതാ നാം ഗാഗുൽത്താ മലമുകളിൽ എത്തിയിരിക്കുന്നു. നമ്മുടെ കർത്താവിനെ തന്റെ വ്യാകുലത്തിന്റെ മൂർദ്ധന്യാവസ്ഥയിലാണ് നാം ദർശിക്കുന്നതു്. അതായതു് തന്റെ കുരിശുമരണം നാം കാണുന്നു. നമ്മുടെ പാപങ്ങളിന്മേലുള്ള ശരിയായ മനസ്താപം ഉണ്ടാകണമെന്നു നാം ആഗ്രഹിക്കുന്നു എങ്കിൽ, ഈ രഹസ്യം ഏററം ഭക്തിയോടുകൂടി നാം ജപിക്കേണ്ടിയിരിക്കുന്നു. ദൈവിക കാര്യങ്ങളിൽ സ്വാർത്ഥപരിത്യാഗികളായി നാം തീരുന്നതിനു മിശിഹായുടെ അനന്യസാധാരണമായ ഈ പരിത്യാഗത്തെ സൂക്ഷിച്ചാൽ മതിയാകും. അനുതാപപ്പെടാത്ത പാപികൾ എന്തു സഹിക്കേണ്ടിവരുമെന്നും വിറകിനു യോഗ്യമായ ഉണങ്ങിയ വൃക്ഷത്തിനു് എന്തു സംഭവിക്കുമെന്നുമറിയുന്നതിനു്, നിരപരാധിയായ ദൈവപുത്രൻ അനുഭവിച്ചകഷ്ടതകളെ, അതായതു പച്ചമരത്തിന്മേൽ ചെയ്യപ്പെട്ട ക്രൂരതകളെ വീക്ഷിക്കാം. ഈശോയുടെ ദിവ്യഹൃദയം എത്രമേൽ നമ്മെ സ്നേഹിച്ചു എന്നും മറിയത്തിന്റെ വിമല ഹൃദയം ഈ സ്നേഹത്തിൽ എത്രമാത്രം പങ്കുകൊണ്ടു എന്നും ഉള്ളതു ഗ്രഹിക്കുന്നതിനു നാം ആഗ്രഹിക്കുന്നു എങ്കിൽ കുരിശിൽവച്ചു തന്റെ ദിവ്യഹൃദയം കുന്തത്താൽ കുത്തിത്തുറക്കപ്പെട്ടതും മറിയത്തിന്റെ വിമലഹൃദയം വ്യാകുലവാളാൽ പിളർക്കപ്പെട്ടതും ദർശിച്ചു ധ്യാനിക്കാം. ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ, നിന്റെ തിരുനാമം ശുദ്ധമാക്കപ്പെടണം; എന്തുകൊണ്ടെന്നാൽ നിന്റെ തിരുനാമത്തിനു പാപംമൂലം വന്നുകൂടിയ അപമാനത്തിനു് യോഗ്യമായ പരിഹാരം ചെയ്യുന്നതിനുള്ള ബലിയും ബലിവസ്തുവും കുരിശിൽതൂങ്ങിക്കിടക്കുന്ന ഞങ്ങളുടെ രക്ഷിതാവായ ഈശോമിശിഹാമാത്രമാകുന്നു. 'നിന്റെ രാജ്യം വരണം' ആ രാജ്യത്തിന്റെ ചിഹ്നം കുരിശും, അതിലെ പ്രജകൾ അവരവരുടെ പാപകരമായ ആശാപാശങ്ങളെ അമർത്തി ജീവിക്കുന്നവരുമാകുന്നു. മിശിഹായുടെ കുരിശിനെ സ്നേഹിക്കുന്നവർമൂലം നിന്റെ തിരുമനസ്സ ആകാശത്തിലെപ്പോലെ ഭൂമിയിലും നിറവേറട്ടെ. ഈ കുരിശുമൂലം ലക്ഷോപിലക്ഷം ആകാശരാജ്യം പ്രാപിക്കുന്നതിനിടയായി. ഞങ്ങളുടെ അന്നന്നത്തെ അപ്പം ഞങ്ങൾക്കു് ഇന്നു തരിക: ഗാഗുൽത്തായിൽ വച്ചു രക്തം ചിന്തി സർവ്വേശ്വരനു സമർപ്പിച്ചബലിയെ അനവരതം ആവർത്തിക്കുന്ന വിശുദ്ധ കുർബാനയെന്ന രക്തം ചിന്താത്ത ബലിയെ ഞങ്ങൾ സ്നേഹിക്കുന്നതിനു് അനുഗ്രഹം ചെയ്യേണമെ. മിശിഹായെ തറച്ച കുരിശിന്റെ ചുവട്ടിൽ മുട്ടിന്മേൽ നിൽക്കുന്ന ഞങ്ങളുടെ പാപങ്ങൾ നീ പൊറുക്കേണമെ. നിന്റെ തിരുക്കുമാരൻ തന്നെ കുരിശിൽ തറച്ചയോദ്ധാക്കളോടും മററും പൊറുത്തതുപോലെ ഞങ്ങളുടെ കടക്കാരോടു ഞങ്ങളും പൊറുക്കുന്നതിനു കൃപ ചെയ്യേണമെ. ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതേ-വിശേഷിച്ചു നിന്റെ തിരുക്കുമാരനെ വീണ്ടും കുരിശിൽ തറയ്ക്കുന്നതിനു പര്യാപ്തമായ ചാവദോഷത്തിൽ നിന്നു ഞങ്ങളെ രക്ഷിക്കേണമെ. ആമ്മേൻ.

കുരിശിൻചുവട്ടിൽ നിൽക്കുന്നവളും നമുക്ക മാതാവായി നൽകപ്പെട്ടവളുമായ വ്യാകുലമാതാവിനെ ദർശിച്ചു് ഇനിയും പ്രാർത്ഥിക്കാം. നന്മ നിറഞ്ഞ

മറിയമേ, നിനക്കസ്വസ്തി: കർത്താവു നിന്നോടുകൂടെ. വാക്കിലടങ്ങാത്ത വ്യാകുലം നൽകിയതിനുപുറമേ അവയെ ധൈര്യപൂർവ്വം സഹിക്കുന്നതിനുള്ള വരപ്രസാദവരം പ്രദാനംചെയ്തതുമൂലം വ്യാകുലവാളാൽപിളർക്കപ്പെട്ടവൾ എങ്കിലും ധൈര്യവതി നീയാകുന്നു. നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ. ഏററം അപമാനകരമായവിധം കുരിശിൽതൂങ്ങിമരിച്ചുകിടക്കുന്ന, നിന്റെ വയററിൻ ഫലമായ ഈശോ വാഴ്ത്തപ്പെട്ടവനാകുന്നു. ദുഃഖ. മറിയമേ! വ്യാകുലമാതാവേ! ഇന്നുമുതൽനീ ഞങ്ങളുടെയും മാതാവാകുന്നു. ഈ കുരിശിൻചുവട്ടിൽ നിന്നുകൊണ്ടു മഗ്ദലനായോടുകൂടി പാപങ്ങളെഓർത്തു കണ്ണുനീർചിന്തുന്നവരും പാപികളുമായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും അപേക്ഷിക്കേണമേ. നിന്റെതിരുക്കുമാരന്റെ മരണസമയത്തു തന്നോടു് അടുത്തുനിന്നതുപോലെ ഞങ്ങളുടെമരണസമയത്തു ഞങ്ങളുടെസമീപത്തിൽ ഉണ്ടായിരിക്കേണമേ. ഞങ്ങളെ പീഡിപ്പിക്കുന്നമരണാവസരത്തിൽ ഈ ദുഃഖരഹസ്യംഞങ്ങളെ നീ മനസ്സിലാക്കി ആശ്വസിപ്പിക്കേണമേ. ഉയർത്തപ്പെട്ടരൂപം കുരിശിൽ വഹിച്ചുകൊണ്ടും ക്രൂശിതനായമിശിഹായെ ഞങ്ങളുടെഹൃദയത്തിൽസ്വീകരിച്ചുകൊണ്ടും നല്ലആശയോടും സമാധാനത്തോടുംകൂടി ഞങ്ങളുടെ ആത്മാവിനെ മിശിഹായുടെതൃക്കരങ്ങളിൽ സമർപ്പിക്കുന്നതിനു് ഇടയാക്കേണമേ. ആമ്മേൻ.

നശിച്ചുപോയമനുഷ്യവർഗ്ഗത്തെ ഏകപുത്രന്റെ രക്തം ചിന്തി രക്ഷിച്ചതുമൂലം ബാവായ്ക്കും പുത്രനും റൂഹാദക്കുദിശായ്ക്കുംസ്തുതിയുണ്ടായിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ സന്താപം സന്തോഷത്തെയും മരണം നിത്യജീവനേയും പ്രദാനംചെയ്തു. പാപം, മരണം ലോകത്തിൽ അവതരിപ്പിക്കുന്നതിനുമുമ്പായിരുന്നതുപോലെയും, ദിവ്യരക്ഷിതാവിന്റെമരണം, പാപത്തെജയിച്ചതുപോലെയും എല്ലായ്പോഴും പാപവും വ്യാകുലവും മരണവും ഇല്ലാതെ നിവൃതപത്തിലുമാകട്ടെ. ആമ്മേൻ.

മേൽപ്രസ്താവിച്ച ദുഃഖരഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനം ഒരുക്രിസ്ത്യാനിയുടെ ജീവിതത്തിൽ സാരമായ മാററം വരുത്താതിരിക്കുന്നില്ല. ജപമാലയിലെ ഓരോ 'ആകാശങ്ങളിലിരിക്കുന്ന' എന്നജപവും 'നന്മനിറഞ്ഞമറിയമേ' എന്നനമസ്കാരവും മേൽവിവരിച്ച വിധമുള്ള ചിന്തകളോടുകൂടി ചൊല്ലുന്നു എങ്കിൽ അതു് ഒരു ക്രിസ്ത്യാനിയുടെ വിലതീരാത്ത നിക്ഷേപമായിരിക്കും. നമ്മുടെദുഃഖങ്ങളിലും കുരിശുകളിലും ആശാപാശങ്ങളോടുള്ള സമരത്തിലും ബലവും ആശ്വാസവും ഈ രഹസ്യത്തിൽ നാം കണ്ടെത്താതിരിക്കുകയില്ല. ഭക്തിയോടുകൂടി ഇവയിൽഒരുരഹസ്യം നമസ്കരിക്കുന്നു എങ്കിൽ, നമ്മുടെ ചഞ്ചലപ്പെട്ടമനസ്സിനു സമാധാനവും നമ്മുടെപാപങ്ങളെക്കുറിച്ചുള്ള മനസ്താപവും നമ്മുടെവീഴ്ചകളിൽ സഹായവും ദിവ്യഈശോയും മറിയവും നൽകാതെ ഇരിക്കുകയില്ല. വിശുദ്ധ കത്തോലിക്കാതിരുസഭയുടെ നിയോഗത്തിനു യോജിച്ചവിധം ജപമാലരഹസ്യങ്ങളെക്കുറിച്ചു ധ്യാനിച്ചു ദൈവജനനിയേയും ദൈവപുത്രനേയും അനുകരിക്കുന്നു എങ്കിൽ വാഗ്ദാനംചെയ്യപ്പെട്ട സമ്മാനത്തിനു് നാം അവകാശികളായിത്തീരുന്നതാണു്.

# വി. കൊച്ചുത്രേസ്യാ

## സംശയമനസ്സാക്ഷിക്കാർക്കു നൽകുന്ന ഒരുപദേശം.

ക. നി. മൂ. സ. മാണിക്കത്തനാർ.

വി. കൊച്ചുത്രേസ്യായിക്കു അവളുടെ ലോകജീവിതകാലത്തു അവളുടെ അമ്മാവന്റെ മക്കളല്ലാതെ വേറെ ആരും ആപ്തമിത്രങ്ങളായുണ്ടായിരുന്നില്ല. അവരിൽ മരിയയായിരുന്നു അവളുടെ പ്രധാനസ്നേഹിത. അവരിരുവരും മിക്കവാറും ഒരേ പ്രായക്കാരായിരുന്നതിനാൽ മരിയ, ത്രേസ്യായുടെ ഒരു സഹോദരിപോലെയായിരുന്നു. ഈ രണ്ടാളുകളുടെയും ആത്മാക്കൾ തമ്മിൽ പൂർണ്ണമായ ഒരു യോജ്യതയുണ്ടായിരുന്നതായി കാണുന്നു.

ഭംഗിയേറിയ ഈ രണ്ടാത്മാക്കൾ തമ്മിലുള്ള സ്നേഹബന്ധം നിലനിന്നു. വി. കുർബാനയെപ്പററിയുള്ള ജ്ഞാനം നിറഞ്ഞതായി വി. കൊച്ചുത്രേസ്യായിൽനിന്നുള്ള ഒരു ചെറിയരേഖ ഈ സ്നേഹം മൂലം നമുക്കു സിദ്ധമായിട്ടുണ്ടു്. അതു, ലോകത്തിൽതന്നെ ജീവിച്ചിരുന്ന തന്റെ ആ സ്നേഹിതയ്ക്കു് കൊച്ചുത്രേസ്യാ എഴുതിയ ഒരു കത്താണു്. പ. പി. പത്താംപിയോസു് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് പിന്നീടു് ആ കത്തു വായിച്ചുകേട്ടഅവസരത്തിൽ "ഏററവും സമയോചിതം, ഏററവും സമയോചിതം" എന്നു പ്രസ്താവിച്ചിട്ടുള്ളതുമാണു്. കൊച്ചുത്രേസ്യായെ വിശുദ്ധയെന്നു നാമകരണം ചെയ്യുന്നതിനുള്ള നടപടികൾ റോമാകച്ചേരിയിൽ ആരംഭിക്കുന്നതിനു മുമ്പായിത്തന്നെ വി. കുർബാനയെപ്പററിയുള്ള അവളുടെ പഠനം പ. പിതാവിനു ആശ്ചര്യവിഷയമായിത്തീർന്നിരുന്നു. "ഹാ! ഇതു് എനിക്കു് വലുതായ സന്തോഷം ജനിപ്പിക്കുന്നു. ഇക്കാര്യത്തിനുള്ള നടപടികൾ നാം വേഗം നടത്തണം" എന്നു തിരുമനസ്സുകൊണ്ടു കൊച്ചുത്രേസ്യായെ നാമകരണം ചെയ്യണമെന്നതിലേക്കു് സഹാ

യാപേക്ഷകനായ മൊൺസിഞ്ഞോർ ദെടെയിലിനോടു പ്രസ്താവിക്കയുണ്ടായി.

വി. കൊച്ചുത്രേസ്യായുടെ എഴുത്തിനുള്ള കാരണം താഴെപ്പറയുന്നതാണ്. മരിയഗെരിൻ മനസ്സാക്ഷിയുടെ വലിയസംശയംമൂലം വളരെ കഷ്ടതകൾ അനുഭവിച്ചിരുന്നു. ഈ സംശയംനിമിത്തം അവൾ വി. കുർബാന ഉൾക്കൊണ്ടിരുന്നില്ല. അവൾ തന്റെ മനോവ്യഥകളെല്ലാം തന്റെ പൂർവ്സ്നേഹിതയായ കൊച്ചുത്രേസ്യായെ അറിയിച്ചു. ത്രേസ്യായാകട്ടെ വാത്സല്യവും വിജ്ഞാനവും നിറഞ്ഞ പ്രസ്തുത എഴുത്തുവഴിയായിട്ടാണ് അവളോടു മറുപടിപറഞ്ഞതു്.

മനസ്സാക്ഷിയുടെ ആ സംശയം, മുഴുവൻ ദൈവത്തിന്റേതായിരിക്കുവാൻ ആഗ്രഹിക്കുന്ന ഒരാത്മാവിൽ പിശാചു വരുത്തുന്ന ഒരു "പാപശങ്ക"യാണെന്നു മനസ്സിലാക്കിക്കൊണ്ടു ത്രേസ്യാ ഇങ്ങനെ പ്രസ്താവിക്കുന്നു: "ഒരാത്മാവു താൻ മുഴുവൻ ദൈവത്തിന്റേതായിരിക്കുവാൻ ശ്രമിക്കുമ്പോൾ അതിനെ പാപത്തിൽ ഉൾപ്പെടുത്തുക സാദ്ധ്യമല്ലെന്നു ചതിയനായ പിശാചു നല്ലപോലെ അറിയുന്നു. അതിനാൽ താൻ പാപം ചെയ്തുപോയി എന്നൊരു ബോധം അതിനു ജനിപ്പിക്കുവാൻ മാത്രമാണ് അവൻ ഉത്സാഹിക്കുന്നതു്. ഇതു സാധിച്ചാൽ അവൻ ജയിച്ചു. എന്നാൽ അവന്റെ അസൂയ ഇതുകൊണ്ടു തൃപ്തമാകുന്നില്ല. തന്മൂലം ഇതിൽ കൂടുതലായ വിജയം നേടുവാൻ അവൻ നോക്കുന്നു. ഇതിനായി, ഈശോയെ അവിടുന്നു പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന വി. മന്ദിരത്തിൽപ്രവേശിപ്പിക്കാതെ തടുക്കുവാനാണ് അവൻ ശ്രമിക്കുന്നതു്. തനിക്കുതന്നെ ഈ വി. മന്ദിരത്തിൽ പ്രവേശിക്കുവാൻ കഴിയാത്തതുകൊണ്ട് അതു വെറുമയായും അതിൽ ദൈവമില്ലാതെയുമെങ്കിലും ഇരിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. ഹാ! പാവപ്പെട്ട ആ ചെറിയ ഹൃദയത്തിനു സംഭവിക്കുവാനിരിക്കുന്നതെന്തു്! ഒരാത്മാവിനെ വി. കുർബാനയുടെ സ്വീകരണത്തിൽനിന്നു തടയുവാൻ പിശാചിനു സാധിക്കുമ്പോൾ അവന്റെ ഉദ്ദേശങ്ങളെല്ലാം അവൻ സാധിച്ചുകഴിഞ്ഞു.....അപ്പോൾ ഈശോ കരയുകയും ചെയ്യുന്നു." ത്രേസ്യാ തുടർന്നുപറയുന്നു: "നി

ങ്ങൾ പിശാചിന്റെ ആലോചനകൾ ശ്രദ്ധിക്കരുതു്. അവനെ ചിരിച്ചുകളിയാക്കി അയക്കുക. സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ദൈവമായ ഈശോയെ സ്വീകരിക്കുവാൻ നിർഭയം അടുക്കുകയും ചെയ്യുക". എന്റെ കഷ്ടതകളെപ്പററി അറിയാത്തതുകൊണ്ടു ത്രേസ്യാ ഇങ്ങനെയെല്ലാം വിചാരിക്കുന്നു. എന്നു നിങ്ങൾ പറയുമായിരിക്കും. "നിശ്ചയമായും അവൾ ഇതെല്ലാം അറിയുന്നു; നല്ലപോലെ അറിയുന്നു. അവൾ സർവ്വം ഗ്രഹിച്ചിരിക്കുന്നു. നിങ്ങളുടെ സാക്ഷാലുള്ള ഏകസ്നേഹിതനെ സ്വീകരിക്കുവാൻ ഭയമെന്നിയെ സമീപിക്കാമെന്നു അവൾ നിങ്ങളോടു വിശ്വാസപൂർവ്വം പറയുന്നു. അവളും സംശയമനസ്സാക്ഷിയുടെ രക്തസാക്ഷിത്വം അനുഭവിച്ചിട്ടുണ്ടു്. എന്നാൽ അവൾ എപ്പോഴും, വലിയപാപം ചെയ്തുപോയിഎന്നു അവൾ വിചാരിച്ചിരുന്ന സമയത്തുപോലും, തന്നെ സ്വീകരിക്കുവാൻ വേണ്ടിയ വരം ഈശോ അവൾക്കു കൊടുത്തു. യഥാർത്ഥത്തിൽ വി. മന്ദിരത്തെപ്പററി ധ്യാനിക്കുന്നതിൽ ആശ്വാസം കണ്ടെത്തുന്ന ഒരു ഹൃദയം—നിങ്ങളുടേതു ഇങ്ങനെയുള്ള ഒന്നാണെന്നു നിങ്ങൾ പറയുന്നുമുണ്ടല്ലോ.—നമ്മുടെ കർത്താവിനെ സ്വീകരിക്കുവാൻ സാധിക്കാത്തവണ്ണം അവനെ ദ്രോഹിക്കുക തീർച്ചയായും അസംഭവ്യംതന്നെ." അനന്തരം തന്റെ ആശയങ്ങളെല്ലാം സമാഹരിച്ചുകൊണ്ടു് "ഈശോയെ ദ്രോഹിക്കുന്നതും, അവിടുത്തെ ഹൃദയത്തെ മുറിപ്പെടുത്തുന്നതും മനോവിശ്വാസക്കുറവുമാത്രമാണു്" എന്നു ത്രേസ്യാ സ്ഥാപിക്കുന്നു. എഴുത്തിന്റെ അവസാനഭാഗം ഇങ്ങനെയാണു്: "വാത്സല്യ കൊച്ചുസഹോദരി, വി. കുർബ്ബാന ഉൾക്കൊള്ളുവാൻ അടുത്തടുത്തു പോകുക. വളരെ അടുത്തടുത്തു പോകുക. നിങ്ങൾക്കുസുഖം ലഭിക്കണമെന്നാഗ്രഹമുണ്ടെങ്കിൽ ഇതാണു് നിങ്ങൾക്കുള്ളഏകമായ പ്രത്യൗഷധം."

# അകത്തോലിക്കരുടെ ഇടയിൽ

റവ. ഫാദർ റ്റി. സി.

കത്തോലിക്കാസഭയിൽ ജനിച്ചുവളർന്നു്, അതിലുള്ള പരിപാവനമായ വിശ്വാസാചാരങ്ങളിൽ പരിചയിച്ച ഒരുവനു്, കത്തോലിക്കേതരന്മാരായ മാർത്തോമ്മാക്കാരാദിയായവരുടെ ഇടയിൽ കടന്നുകൂടിയിട്ടുള്ള ഗർഹണീയമായ അബദ്ധോപദേശങ്ങളും ഭീമമായ തെററിധാരണകളും അത്ഭുതവിഷയങ്ങളായിരിപ്പാനെ വഴിയുള്ളു. അധഃപതിച്ച മനുഷ്യവംശത്തിനു് ഏകരക്ഷാമാർഗ്ഗമായി ദൈവപുത്രനായ ക്രീസ്തുവിനാൽ സംസ്ഥാപിതമായ യഥാർത്ഥ സഭയെന്നു നിഷ്പക്ഷബുദ്ധികളായ ക്രിസ്തുമതവിദ്വേഷികൾപോലും സമ്മതിക്കുന്ന കത്തോലിക്കാ സഭയിൽ നിന്നു മാത്സര്യം മൂലം ഭിന്നിച്ചു നില്ക്കുവാൻ, ക്രിസ്തു ദൈവമാണെന്നു വിശ്വസിക്കുകയും, അവിടുത്തെ അനുയായികളെന്നു് അഭിമാനിക്കുകയും ചെയ്യുന്ന, സുബുദ്ധിയുള്ള മനുഷ്യനു് എങ്ങനെ സാധിക്കും? ഭിന്നിച്ചുനിന്നാലും, മാതൃസഭയായ കത്തോലിക്കാസഭയെപ്പററി, ക്രിസ്ത്യാനികൾക്കു പാടില്ലാത്ത ഭീമമായ തെററിധാരണകൾ അവർക്കുണ്ടാകുന്നതെങ്ങനെ? അവർ ദൈവാരാധനയ്ക്കുപയോഗിച്ചിരുന്ന പ്രാർത്ഥനപുസ്തകത്തിൽ നിന്നു്, അവരുടെ നവീനാശയങ്ങൾക്കനുസ്യൂതമല്ലാത്ത ഭാഗങ്ങൾ മാററിക്കളയുന്നതിനും, ദൈവവചനമെന്നു് അവർ വിശ്വസിക്കുകയും, വിശ്വാസത്തിന്റെയും സന്മാർഗ്ഗത്തിന്റെയും ഏകാധാരമെന്നു അവർ വാദിക്കുകയും ചെയ്യുന്ന വേദപുസ്തകത്തിൽ നിന്നുപോലും അവരുടെ അബദ്ധാഭിപ്രായങ്ങളെ അനുകൂലിക്കാത്ത ഭാഗങ്ങൾ നിശ്ശങ്കം ഉപേക്ഷിക്കുന്നതിനും, അവരുടെ തെററായ ഉപദേശങ്ങൾക്കെതിരായ വാക്യങ്ങൾ നിർദ്ദയം വെട്ടിത്തിരുത്തുന്നതിനും അവർക്കെങ്ങനെ ധൈര്യമുണ്ടാകും? ഇതിന്റെ കാരണം അത്ര നിഗൂഢമല്ലെന്നാണു് എനിക്കു് തോന്നുന്നതു്. സ്വസമുദായത്തിന്റെ രാഷ്ട്രീയവും സാമുദായികവുമായ നിലയെ സംരക്ഷിക്കുന്നതിനുവേണ്ടി പ്രസ്തുത ഭിന്നസഭകളുടെ നേതാക്കന്മാർ ചെയ്തുകൊണ്ടിരിക്കുന്ന ഭഗീരഥപ്ര

യത്നമാണ് ഇതിനുള്ള പ്രധാനഹേതു. ലോകത്തിനു വെളിച്ചം പ്രദാനം ചെയ്യുന്നതിനായി മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ സ്ഥാപിച്ചതും, ആദ്ധ്യാത്മികലോകത്തിൽ സൂര്യനെപ്പോലെ പരിലസിക്കുന്നതുമായ കത്തോലിക്കാസഭയുടെ ദിവ്യോപദേശങ്ങളാകുന്ന സുവർണ്ണകിരണങ്ങൾ പ്രവേശിക്കാതിരിക്കത്തക്കതിൻവണ്ണം പൂർവ്വനിർണ്ണയവും തെററിദ്ധാരണയും കൊണ്ടുകെട്ടിയുറപ്പിച്ചിട്ടുള്ള ഒരു ശക്തിമത്തായ കോട്ടയ്ക്കുള്ളിലാണ് മേൽ സൂചിപ്പിച്ച സഭയുടെ അംഗങ്ങളെ അവരുടെ നേതാക്കന്മാരും, ഉപദേഷ്ടാക്കളും നിവസിപ്പിച്ചിരിക്കുന്നതെന്നു പറയാം. കുറെ കൊല്ലത്തിനു മുമ്പു്, കത്തോലിക്കാ വൈദികരുടെ പ്രവേശനം മൂലം ഈ ദുർഗ്ഗത്തിലുണ്ടായ ദ്വാരങ്ങളെ അടയ്ക്കുന്നതിനായിട്ടാണ്, നാന്നൂറു രൂപാ മൂലധനത്തോടുകൂടി നാലംഗങ്ങൾ (അതിലധികമോയെന്നറിഞ്ഞുകൂടാ) അടങ്ങിയ ഒരു കമ്മററിയെ മാർത്തോമ്മാസഭ രൂപവൽക്കരിച്ചതെന്നുള്ളതു പരസ്യമാണല്ലോ. വി. കുർബാനയിൽ ക്രിസ്തുവിൻെറ യഥാർത്ഥ സാന്നിധ്യം ഉണ്ടോ ഇല്ലയോ എന്നതിനെപ്പററി മാർത്തോമ്മാ സഭയിൽ ദീർഘമായ വാദപ്രതിവാദം നടക്കുകയും തൽഫലമായി സഭാംഗങ്ങൾ രണ്ടു വമ്പിച്ച ഭിന്നകക്ഷികളായി പരിണമിക്കയും ചെയ്തപ്പോൾ, പരസ്പരവിരുദ്ധമായ രണ്ടഭിപ്രായങ്ങളിൽ ഒന്നു മാത്രമേ ശരിയായിരിക്കാവു എന്നതു് സർവ്വസമ്മതമായിരുന്നിട്ടും, വി. കുർബാനയിൽ ക്രിസ്തുവിൻെറ സാന്നിധ്യം ഉണ്ടെന്നഭിപ്രായമുള്ളവർ അങ്ങനെയും, ഇല്ലെന്നു വാദിക്കുന്നവർ അങ്ങനെയും വിശ്വസിച്ചുകൊള്ളട്ടെയെന്നു ആ സഭയുടെ പരമാധികാരി തീരുമാനിച്ചതു്, സഭ ശോഷിച്ചുപോകരുതെന്നുള്ള ഉദ്ദേശം മാത്രം കൊണ്ടാണെന്നു പ്രത്യക്ഷമാണ്. ഈ ദയനീയാവസ്ഥ കത്തോലിക്കാ സഹോദരന്മാരുടെ സഹതാപത്തെയും സഹായത്തെയും സർവ്വഥാ അർഹിക്കുന്നു എന്നു തന്നെ, സംശയമില്ല.

ചുരുങ്ങിയ കാലത്തിനിടയ്ക്കു് കത്തോലിക്കേതരന്മാരുടെ ചില വാദങ്ങൾ കേൾക്കുന്നതിനു് എനിക്കു് ഇടയായി. ക്രിസ്തു ഒരു ദൃശ്യസഭ സ്ഥാപിച്ചെന്നും, അതു ക്രിസ്തുവിൻെറ വാഗ്ദാനം അനുസരിച്ചു പരിശുദ്ധാരൂപിയുടെ സംരക്ഷണയിൻ കീഴ് ലോകാവ

സാനത്തോളം കോട്ടം കൂടാതെ നിലനില്ക്കേണ്ടതാണെന്നും അവർ തലകുലുക്കി സമ്മതിക്കും. "അങ്ങനെയെങ്കിൽ ഇന്നും ആ സഭ ഭൂമുഖത്തുണ്ടായിരിക്കേണ്ടേ?" എന്നു ആരെങ്കിലും ചോദിച്ചാൽ "ഓ ഇല്ല, അതു ഇടക്കാലത്തു ദുഷിച്ചു അപ്രത്യക്ഷമായി; ഇപ്പോൾ സഭ അദൃശ്യമാണു്" എന്നായിരിക്കും അവരുടെ മറുപടി. "ക്രിസ്തു, രക്ഷാമാർഗ്ഗമായി ഒരു സഭയെ ലോകത്തിൽ സ്ഥാപിച്ചതിനുശേഷം "നരകവാതിലുകൾ അതിനെ ഒരിക്കലും ജയിക്കയില്ല"ന്നും "ഇതാ ഞാൻ ലോകാവസാനംവരെ നിങ്ങളോടു കൂടിയുണ്ടു്" എന്നും വാഗ്ദാനം ചെയ്തിരിക്കുന്ന സ്ഥിതിക്കു്, ആ സഭ ഇടക്കാലത്തു ദുഷിച്ചുപോയെന്നോ അദൃശ്യമായി പരിണമിച്ചെന്നോ പറയുന്നതിനു് എന്താധാരമാണുള്ളതു്? ക്രിസ്തുവിൻെറ വചനങ്ങൾ വ്യർത്ഥമായിരുന്നെന്നാണോ നിങ്ങൾ വാദിക്കുന്നതു്? ക്രിസ്തു ദൈവമാണെന്നു നിങ്ങൾ വിശ്വസിക്കുന്നില്ലേ?" എന്നു നാം യുക്തിവാദം ചെയ്യുമ്പോൾ ദൃശ്യസഭയുടെ ആസ്തിക്യത്തെ നിഷേധിക്കുവാൻ അവർക്കു നിർവ്വാഹമില്ലാതെവരുന്നു. അല്ലെങ്കിൽ ക്രിസ്തു ദൈവപുത്രനല്ലെന്നു അവർ ശഠിക്കണം. അവിടംവരെ ഇനിയും അവർ എത്തിയിട്ടില്ല. ആകയാൽ ഇവിടെ അവരുടെ വാദം വേറൊരുഗതി സ്വീകരിക്കുകയാണു് ചെയ്യുന്നതു്.

"ക്രിസ്തു ദൈവപുത്രനാണു്, തന്മൂലം നിത്യസത്യവുമാണു്. പക്ഷെ ഇന്നു ലോകത്തിൽ പരിശുദ്ധന്മാർ മാത്രം ഉൾപ്പെട്ട ഒരു ദൃശ്യസഭയില്ലല്ലോ. ക്രിസ്തുവിൻെറ സഭ പരിശുദ്ധമായിരിക്കണ്ടേ?" മാർത്തോമ്മാസഭയുടെ ഒരംഗമെന്നല്ല, അതിലെ ഒരുപദേഷ്ടാവു കൂടിയാണെന്നു് അഭിമാനപൂർവം പ്രഖ്യാപനം ചെയ്യുന്ന ഒരു മാന്യനാണു് ഇതു പറയുന്നതെന്നോർക്കണം. അദ്ദേഹം ഉൾപ്പെട്ട സഭ യഥാർത്ഥമായ ഏകസഭയാണെന്നു് അദ്ദേഹത്തിനു വാദമില്ല. ക്രിസ്തുവിൻെറ യഥാർത്ഥസഭയുടെ അംഗങ്ങൾ ലോകത്തിൽ നാം കാണുന്ന വിവിധ വിഭിന്നസഭകളിലുള്ള പരിശുദ്ധന്മാരാണെന്നത്രേ അദ്ദേഹത്തിൻെറ മതം. ക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ടു പരിശുദ്ധമായ ജീവിതം നയിക്കുന്ന ഏവർക്കും അവർ ഏതു ക്രിസ്തീയവകുപ്പിൽ പെട്ടവരാണെങ്കിലും രക്ഷ നിശ്ചയമാണെന്നു് അദ്ദേഹം സമർത്ഥിക്കുന്നു. മാർത്തോമ്മാസഭയുടെ വിശ്വാ

സം ഇപ്രകാരമായിരിക്കെ തദംഗങ്ങളുടെ, കത്തോലിക്കാസഭയിലേയ്ക്കുള്ള ഗതിയെ തടയുന്നതിനു, മാർത്തോമ്മാ സഭാധികാരികൾ അശ്രാന്തം പരിശ്രമിക്കുന്നതിൻെറ ഉദ്ദേശം വെറും ഭൗമികമാണെന്നു വ്യക്തമല്ലയോ? പരിശുദ്ധന്മാർ മാത്രം ഉൾപ്പെടുന്ന ഒരു ദൃശ്യസഭ ഇന്നു ഭൂമുഖത്തില്ലാത്തതിനാലാണ് ക്രിസ്തുവിൻെറ സഭ അദൃശ്യമായിപ്പോയെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. അതിനു വി. ഗ്രന്ഥത്തിൻെറ സാക്ഷ്യവും ഹാജരാക്കുന്നുണ്ടു്. "കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു പ്രവൃ (II. 47.) എന്നു എഴുതപ്പെട്ടിരിക്കുന്നു. ആകയാൽ സഭയിൽ ചേരുന്നവരെല്ലാം പുണ്യവാന്മാരായിരിക്കണമല്ലോ." ഉദ്ധൃതവാക്യം യഥാർത്ഥ ദൈവവാക്യത്തിൽ നിന്നു വ്യത്യസ്തമാണെന്നും, 'കർത്താവു, രക്ഷിക്കപ്പെടേണ്ടവരെ (such as should be saved) ദിനംപ്രതി വർദ്ധിപ്പിച്ചു'വെന്നതാണ് മൂലവാക്യമെന്നും ഉള്ളതിന് വേദപുസ്തകത്തിൽനിന്ന് അന്യമായ എത്ര തെളിവുകൾ കൊടുത്താലും അദ്ദേഹത്തിനു തൃപ്തി വരുന്നതല്ലല്ലോ. ദൈവവചനത്തിൽ നിന്നു തന്നെ തെളിയിക്കണം. അതും പോരാ അവർ സ്വീകരിക്കുന്ന വേദപുസ്തകത്തിൽ നിന്നു തെളിയിക്കണം.

വേദപുസ്തകത്തിൽ ഇതിനു തെളിവുകൾ അനവധിയുണ്ടു്. ദിവ്യരക്ഷകൻ തൻെറ സഭയെ ഗോതമ്പും കളകളും ഒന്നിച്ചുവളരുന്ന വയലിനോടും, നല്ലതുംതീയതുമായ മത്സ്യങ്ങൾ ഉള്ളവലയോടും, ബുദ്ധിമതികളും ബുദ്ധിഹീനകളുമായ കന്യകകൾ ഉൾപ്പെട്ട സമൂഹത്തോടും ഉപമിക്കുമ്പോൾ ദൃശ്യമായ ദൈവരാജ്യത്തിൽ അഥവാ സഭയിൽ ശിഷ്ടന്മാരും ദുഷ്ടന്മാരും ഉണ്ടായിരിക്കുമെന്നല്ലേ അവിടുന്നു സൂചിപ്പിക്കുന്നതു്. അതും പോകട്ടെ, ക്രിസ്തുസ്ഥാപിച്ച ദൃശ്യസഭ അതിൻെറ ആരംഭദശയിൽ പരിശുദ്ധന്മാർമാത്രം അടങ്ങിയതായിരുന്നോ എന്നു നമുക്കു പരിശോധിക്കാം. അവിടുന്നുതന്നെ, തൻെറ ശിഷ്യഗണത്തിൽനിന്നു പ്രത്യേകം തിരിഞ്ഞെടുത്ത പന്ത്രണ്ടുപേരിൽ ഒരുവൻ സ്വാമിദ്രോഹിയായ യൂദാസല്ലായിരുന്നോ? വഞ്ചനപ്രവൃത്തിമൂലം അപ്പോസ്ത

ല പ്രധാനനായ വി. പത്രോസിനാൽ കഠിനമായി ശിക്ഷിക്കപ്പെട്ട അനനിയാസും സഫീറായും സഭയുടെ അംഗങ്ങൾ ആയിരുന്നില്ലേ? വീണ്ടും, വി. പത്രോസിന്റെ രൂക്ഷമായ ശാസനയ്ക്കു പാത്രമായ മന്ത്രവാദിയായ സിമയോൻ സഭയോടുചേർക്കപ്പെട്ടവരിൽ ഒരുവനായിരുന്നല്ലേ? "കാവ്യരുടെ ഇടയിൽപോലും ഇല്ലാത്ത ദുഷ്ടതപ്രവർത്തിക്കുന്നവർ നിങ്ങളുടെകൂട്ടത്തിൽ ഉണ്ടു്" എന്നു വി. പൗലോസ് അപ്പോസ്തലൻപറയുന്നതു് ക്രിസ്തുവിന്റെ സഭയിൽപ്പെട്ടവരോടല്ലയോ? അവരെ അദ്ദേഹം അഭിസംബോധനം ചെയ്യുന്നതു് 'പരിശുദ്ധന്മാർ' എന്നാണെന്നുള്ളതുംവിസ്മരിക്കാവുന്നതല്ല. ആകയാൽ അന്നു ക്രിസ്തുസഭയിൽപാപികളുണ്ടായിരുന്നു. ഇന്നും ഉണ്ടെങ്കിൽ അതു ഒട്ടും അത്ഭുതാവഹമല്ലതന്നെ. സഭ, അതിന്റെ സ്ഥാപനത്തിലും ഉപദേശങ്ങളിലും അന്നത്തെപ്പോലെ ഇന്നും പരിശുദ്ധമാണു്. ഇത്രയും നാം പ്രസംഗിച്ചുകഴിയുമ്പോൾ നമ്മുടെ സഹോദരൻ സന്തുഷ്ടനാകും. പിന്നെ ഈ വിഷയത്തെപ്പറ്റി വാദമില്ല. പക്ഷേ, സത്യമെന്നു സ്പഷ്ടമായതിനെ സ്വീകരിക്കുന്നതിനു് അദ്ദേഹം തയാറല്ല; കാരണം, സത്യാന്വേഷിയായിട്ടല്ല തക്കാന്വേഷിയായിട്ടാണു് അദ്ദേഹം സഭയെപ്പറ്റി സംഭാഷണം ആരംഭിക്കുന്നതു്.

കുറിയന്നൂർപ്രദേശം പല വിഭിന്നസഭകളുടെയും കേളീരംഗമാണു്. മാർത്തോമ്മാക്കാർക്കൂടാതെ, പെന്റക്കോസ്റ്റ്കാർ, ബ്രദർമിഷ്യൻകാർ, സി.എം. എസ്സ്കാർ മുതലായവരും ഇവിടെയുണ്ടു്. സ്ഥലത്തെ കത്തോലിക്കമിഷ്യൻ മന്ദിരത്തിനടുത്തുള്ള ചന്തയിൽ ഓരോക്കൂട്ടരും യോഗങ്ങൾ വിളിച്ചുകൂട്ടി പ്രസംഗങ്ങൾ നടത്തുക പതിവാണു്. ഈയിടെ പെന്റക്കോസ്റ്റുകാരുടെ ഒരു യോഗം ഇവിടെയുണ്ടായിരുന്നു. അവർ ഏഴുദിവസം തുടർച്ചയായിട്ടാണു് പ്രസംഗിക്കാറുള്ളതു്. അവസാനദിവസം പരിശുദ്ധാത്മാവ് ചിലരിൽ ആവസിക്കുമെന്നും വിവിധഭാഷകൾ സംസാരിക്കുന്നതിനു് അവരെ ശക്തരാക്കുമെന്നുമാണു് അവരുടെ വിശ്വാസം- പണ്ടൊരിക്കൽ ഒരുപദേശി 'മറുഭാഷ'സംസാരിച്ചുകൂട്ടത്തിൽ 'ക്രീത്തു ക്രീത്തു ക്രീത്തു' എന്നുപറഞ്ഞതായും 'ഞാൻപിടിച്ച മുയലിനു നാലുകാലുണ്ടു്' എന്നു ആരും ശഠിക്കരു

തു്" എന്നു വേറൊരാൾ അതിനു വ്യാഖ്യാനംനൽകിയതായും, അന്നത്തെ ശ്രോതാക്കളിൽ ഒരാൾ പറയുകയുണ്ടായി. അടുത്തകാലത്തുനടന്നതായി മേൽപ്രസ്താവിച്ചയോഗത്തിൽ പ്രസംഗിച്ചഒരാൾ, കത്തോലിക്കാസഭയിൽ ഒററഒരുത്തനുപോലും രക്ഷയില്ലെന്നു നിഷ്പ്രയാസം തെളിയിച്ചിരിക്കുന്നു. അദ്ദേഹംപറയുന്നു, ഏഴു കൂദാശകൾ നിത്യരക്ഷക്കാവശ്യമാണെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നു. പക്ഷേ, ആ സഭയിലെ മെത്രാന്മാരും വൈദികരും വിവാഹമെന്നകൂദാശ സ്വീകരിക്കുന്നില്ല. ആകയാൽ അവർക്കു രക്ഷയില്ല. ജനങ്ങൾ പട്ടം സ്വീകരിക്കാത്തതിനാൽ അവർക്കും രക്ഷയില്ല." ശ്രോതാക്കൾ അത്ഭുതപരതന്ത്രരായി മിഴിച്ചിരുന്നുകാണും. പരസ്യയോഗത്തിന്റെ നാലാംദിവസമാണു് ഇതുപറഞ്ഞതു്. എങ്കിലും ഈ അഗാധജ്ഞാനം പരിശുദ്ധാരൂപിയിൽനിന്നു നേരിട്ടുകിട്ടിയതാണെന്നു് അവർവിശ്വസിച്ചിരിക്കണം! ദൈവപ്രസാദവാഹികളായ കൂദാശകൾ ഏഴുണ്ടെന്നല്ലാതെ, അവയെല്ലാം രക്ഷയ്ക്കാവശ്യമാണെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ലെന്നു അറിയാമായിരുന്നെങ്കിൽ ഈ മഹാ അബദ്ധം ജല്പിക്കുവാൻനമ്മുടെ പ്രസംഗകർത്താവിനു ധൈര്യമുണ്ടാകയില്ലായിരുന്നു.

---

## ക്രിസ്തുരാജസ്തവം. (കേക.)

പാലാത്ര ചെറിയാൻ.

ഏതൊരാൾവിജയമാംവൈജയന്തിയെ ജഗ—
ത്താകെയുജ്വലിപ്പിച്ചുലസിപ്പിച്ചിടുന്നോർത്താൽ
ജേതാവാകുമാദിവ്യനേതൃരാജനു നമ്മ—
ളോതുവിനാത്മാത്ഥമാംമംഗളമനർഗ്ഗളം.
ഘോരമാമസുരാക്രമങ്ങളിലിവൻ കര—
താരതിൽഭേസ്സുംകുരിശാകുന്നഖഡ്ഗത്തിനാൽ.
പാരിനുവിശ്രാന്തിയുംരക്ഷയുംവരുത്തുന്നി—
തോരുവിൻ മനുജരേ മന്ദരേയമന്ദമായ്.
രാജരാജനാമവൻപാലനംചെയ്യുംരാജ്യ—
മാത്മസമ്പൽസമൃദ്ധികൊണ്ടതിസുഭിക്ഷമാം
അവിടെനിരീശ്വരപ്രഥനമധികാര—
വിരുദ്ധവിപ്ലവങ്ങളില്ലെങ്ങുംശാന്തമല്ലോ
ശാശ്വതസമാധാനരാജ്ഞിയാൽലസിക്കുമാ—
ദിവ്യസാമ്രാജ്യഭാരമേൽക്കുമേശുവേ നിത്യം;
വാഴ്കവിൺസിംഹാസനത്തിങ്കലുമെന്റെയാത്മ—
സൂനശില്പമാംവേശ്മത്തിങ്കലുമഭേദ്യമായ്.

# വിശുദ്ധകുർബാനയെ സംബന്ധിച്ച ചില വിവരങ്ങൾ.

---

(ഇ. ജെ. ഡോമ്നിക്കു്)

തിരുസഭയുടെ ആദ്യദശയിൽ കുർബാനകാണുന്ന ദിവസങ്ങളിലെല്ലാം വരപ്രസാദത്തോടുകൂടിയിരുന്ന ജനങ്ങളെല്ലാവരും ദിവ്യകാരുണ്യവും സ്വീകരിച്ചിരുന്നു. വിശ്വാസത്തിന്റെ അരൂപി ക്ഷയിച്ചതിനോടുകൂടി ക്രിസ്തുമസ് ഉയിർപ്പുഞായറാഴ്ച ഈ ദിവസങ്ങളിലെങ്കിലും സകല വിശ്വാസികളും വി. കുർബാന ഉൾക്കൊള്ളണമെന്നു നിർബന്ധിച്ചു. കത്തോലിക്കർ പെസഹാക്കാലത്തു് ആണ്ടിലൊരിക്കലെങ്കിലും പാപസങ്കീർത്തനം ചെയ്തു് വി. കുർബാന സ്വീകരിക്കണമെന്നുള്ള ഇപ്പോഴത്തെ തി. കല്പന ൧൨൧൫-ാം കൊല്ലം കൂടിയ നാലാമത്തെ ലാറ്ററൻ കൗൺസിൽവച്ചു് ചെയ്ത തീരുമാനംമുതൽക്കാണു് നടപ്പിലായതു്. ഭാഗ്യസ്മരണാർഹനായിത്തീർന്നിരിക്കുന്ന പത്താം പീയൂസ് മാർപാപ്പാതിരുമനസ്സിലെ ആഗ്രഹാനുസരണം ഇന്നു് കത്തോലിക്കാലോകത്തിൽ അനേകസഹസ്രം ജനങ്ങൾ ക്രിസ്തുവിന്റെ ഉപദേശങ്ങളെ അടിസ്ഥാനപ്പെടുത്തിയും നമുക്കു ചുറ്റും ദിവസേന വർദ്ധിച്ചുവരുന്ന അജ്ഞാന അരൂപിക്കു് വിധേയരാകാതിരിക്കുന്നതിനും കൂടെക്കൂടെ ദിവ്യ അപ്പത്തെ സ്വീകരിച്ചുവരുന്നു.

തിരുസഭയുടെ ആദ്യകാലങ്ങളിൽ കുർബാന ഉൾക്കൊള്ളുന്നവരുടെ വലത്തെ കയ്യിലാണു ദിവ്യ ഓസ്തിയെ പട്ടക്കാർ കൊടുത്തിരുന്നതു്.

അവരുടെ വലത്തെക്കരം ഇടത്തെക്കയ്യിന്മേൽ കുരിശുഭാഷയിൽവച്ചിട്ടു നീട്ടുകയായിരുന്നു പതിവു്. സ്ത്രീജനങ്ങളുടെയും പെൺകുട്ടികളുടെയും കരങ്ങൾ വെള്ളവസ്ത്രംകൊണ്ടു് മൂടപ്പെട്ടിരിക്കണമെന്നു് നിർബന്ധമുണ്ടായിരുന്നു. ആൺകുട്ടികൾക്കും പുരുഷന്മാർക്കും ഈ നിയമം അനുഷ്ഠിക്കേണ്ട ആവശ്യമുണ്ടായിരുന്നി

ല്ല. ശെമ്മാശന്മാർ, കുട്ടികൾ, കന്യാവ്രതം അനുഷ്ഠിച്ചിരുന്ന സ്ത്രീകൾ, [കന്യകകൾ] പുരുഷന്മാർ, സ്ത്രീകൾ, ഇപ്രകാരമായിരുന്നു ദിവ്യകാരുണ്യസ്വീകരണത്തിനുള്ള ആഗമന (നിയമം) ക്രമം. തിരുസഭ വേദഞെരുക്കങ്ങളാൽ പീഡിക്കപ്പെട്ടിരുന്നകാലത്തു് രോഗികൾക്കു് തിരുപ്പാഥേയം കൊണ്ടുപോയികൊടുക്കുന്നതിനു് അസാദ്ധ്യമായ സന്ദർഭങ്ങളിൽ മരണസമയത്തു് ദിവ്യകാരുണ്യം കൈക്കൊള്ളുന്നതിനു് വിശ്വാസികളുടെ വീടുകളിൽ അവർതന്നെ വി. കുർബാനകൊണ്ടുപോയി ഭദ്രമായി സൂക്ഷിക്കുന്നതിനു് അനുവദിക്കപ്പെട്ടിരുന്നു. അപകടകരമായ യാത്രകഴിക്കുന്നവർക്കും വി. കുർബാന അവരോടുകൂടിക്കൊണ്ടുപോകുന്നതിനനുവദിച്ചിരുന്നു. ആദ്യകാലത്തു് നിർദ്ദോഷികളായ കൊച്ചുകുട്ടികൾക്കു ദിവ്യകാരുണ്യം നൽകിവന്നിരുന്നതും അത്ര ചുരുക്കമല്ല. കൂദാശചെയ്യപ്പെട്ട കാസായിൽ പുരോഹിതൻെറ വിരൽ മുക്കി കുട്ടികളുടെനാവിൽ വച്ചുകൊടുക്കയായിരുന്നു പതിവു്. കാലാന്തരത്തിൽ തിരുസഭ ഈ പതിവിനെ തീരെ നിരോധിക്കയാണുണ്ടായതു്.

നമ്മുടെകർത്താവിൻെറ ശരീരത്തിലും രക്തത്തിലും പങ്കുകൊള്ളുന്നതിനു് ദിവ്യകാരുണ്യം സ്വീകരിച്ചതിൻെറശേഷം കാസായിൽനിന്നു പാനംചെയ്യണമെന്നില്ല. എന്തെന്നാൽ ക്രിസ്തുവിൻെറ ഒരുഭാഗം ഓസ്തിയിലും മറേറഭാഗം കാസായിലുമായിട്ടല്ല ന നമ്മൾസ്വീകരിക്കുന്നതു്. വി. കുർബാന ഓരോസാദൃശ്യത്തിലും നമ്മൾമഹത്വപ്പെട്ട സജീവനായ ഈശോയെ മുഴുവനായിട്ടും പൂർണ്ണമായിട്ടും സ്വർഗ്ഗത്തിൽ സ്ഥിതിചെയ്യുന്നതുപോലെ ശരീരവും, രക്തവും, ആത്മാവും, ദിവ്യത്വവും കൈക്കൊള്ളുന്നു. പന്ത്രണ്ടാം നൂററാണ്ടുവരെ എല്ലാവർക്കും ദിവ്യകാരുണ്യം ഇരുസാദൃശ്യങ്ങളിലും കൊടുത്തിരുന്നു. അന്നും ഓരോസാദൃശ്യങ്ങളിലും ഈശോയുടെ പൂർണ്ണപ്രസന്നതയായിരുന്നു കത്തോലിക്കസഭ പഠിപ്പിച്ചിരുന്നതു്. എന്നാൽ പിൽക്കാലങ്ങളിൽ ചില രാജ്യങ്ങളിലുണ്ടായവീഞ്ഞിൻെറ ദുർഭിക്ഷം കാസായിൽനിന്നും കൂദാശചെയ്യപ്പെട്ട വീഞ്ഞിൻെറ തുള്ളികൾ പുറത്തുപോയേക്കാവുന്ന അപകടം, അനാരോഗ്യരും വെടിപ്പില്ലാത്തവരും സാംക്രമികരോഗികളും ആരോഗ്യരും

ഒരേകാസായിൽനിന്നു് പാനംചെയ്യുന്നതിൽ നിന്നു് ഭൂതമാകുന്ന അനന്തരഫലവും, ഇത്യാദികാരണങ്ങളാൽ ഇരുസാദൃശ്യങ്ങളിലുമുള്ള ദിവ്യകാരുണ്യസ്വീകരണം നിറുത്തലാക്കി. ഈ ഏർപ്പാടു മുടക്കിയതു് 1414-ൽ ആണു്. വി: കുർബ്ബാനയിൽ ഒരു സാദൃശ്യത്തിലായാലും ക്രിസ്തുവിനെ നാം മുഴുവനായിട്ടും പൂർണ്ണമായിട്ടും (ശരീരവും, ആത്മാവും, രക്തവും, ദിവ്യത്വവും) സ്വീകരിക്കുന്നു. വീഞ്ഞിന്റെ സാദൃശ്യത്തിലുള്ള കുർബ്ബാന കൈക്കൊള്ളപ്പെട്ടു് നിരോധിച്ചതു് തിരുസഭയുടെ നിയമമാണു്.

വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സംബന്ധിക്കാത്ത ഏതൊരു സഭാനിയമവും നിറുത്തലാക്കുന്നതിനു് തിരുസഭക്കു അധികാരമുണ്ടല്ലോ. ഇന്നും പല കിഴക്കൻറീത്തു സഭക്കാരായ കത്തോലിക്കർക്കു് ഇരുസാദൃശ്യങ്ങളിലും വി. കുർബ്ബാനകൈക്കൊള്ളുന്നതിനു് അനുവദിക്കപ്പെട്ടിട്ടുണ്ടു്. അവിടെയും ക്രിസ്തുവിന്റെ പ്രസന്നതയെ സംബന്ധിച്ചുള്ള പഠനവും വിശ്വാസവുംഒന്നുതന്നെ. വി. കുർബ്ബാനയുടെ കൂദാശയ്ക്കു് അപ്പവും വീഞ്ഞും ആവശ്യമാണു്. അപ്പം സാക്ഷാലുള്ള കോതമ്പുപൊടികൊണ്ടു് വെള്ളംചേർത്തുണ്ടാക്കപ്പെട്ടതായിരിക്കണം. പാലുകൊണ്ടോ മറ്റേതെങ്കിലും സാധനംചേർത്തോ ഉണ്ടാക്കിയതായാൽ കൂദാശസാധുവായിരിക്കയില്ല. അപ്രകാരം കോതമ്പിനോടുകൂടെ അരിയോ, ബാർലിയോ മറ്റേതെങ്കിലും ചേർത്തുണ്ടാക്കിയാലും കൂദാശസാധുവാകയില്ല. കോതമ്പു് ഘനമുള്ളതോ ലഘുവായതോ നിറമുള്ളതോ ഇല്ലാത്തതോ ഏതായാലും തരക്കേടില്ല. വീഞ്ഞു സ്വാഭാവികമായിട്ടുള്ളതും മുന്തിരിങ്ങയും അശുദ്ധമാകാത്തനീരിൽ നിന്നെടുത്തതും ആയിരിക്കണം. വി. കുർബ്ബാനയെ സംബന്ധിക്കുന്ന സംഗതികളിൽ കത്തോലിക്കസഭ ഏറ്റവും നിഷ്ക്കർഷയോടുകൂടിയാണുപ്രവർത്തിക്കുന്നതു്. അപ്പവും വീഞ്ഞും ക്രിസ്തുവിന്റെ ശരീരവും രക്തവുമായി പകർത്തുന്ന വിസ്മയനീയമായകൂദാശ താൻ നമുക്കനല്കിയിട്ടുള്ള ദാനങ്ങളിൽവച്ചു വിശിഷ്ടമാണു്. ക്രിസ്തുവിന്റെ രക്തവും മാംസവും വേർതിരിക്കാൻവഹിയാത്തവിധം അവിടത്തെ ആത്മാവിനോടും ദിവ്യത്വത്തോടുംകൂടിസംയോജിച്ചിരിക്കുന്നതിനാൽ വി. കുർബ്ബാനയിൽ നാം ആരാധിക്കുന്നതു് നമ്മുടെ രക്ഷകനേയും നമ്മുടെ ദൈവത്തേയും ആകുന്നു.

(ഒരു പഴയ ഗ്രന്ഥത്തിൽനിന്നും സംഗ്രഹിച്ചെടുത്തതു്)

# "നേരിതുപോരിക."

എം. പി. ലാസ്സർ- രാമപുരം.

(പാന.)

ഊഢരോഷരായെന്തിനെന്നെവൃഥാ-
മൂഢരേ! ബഹുമൂഢനെന്നോതുന്നു.
പെററതായിൻെറയങ്കമഹാതല്പം-
വിട്ടുകാൽകുത്തിവിൺപടിവാതുക്കൽ;
സിന്ധുസന്നിഭതുന്ദിലാമോദൻ ഞാൻ-
1 ബന്ധുവർഗ്ഗമേ! നേരിതുപോരിക;
"സർവ്വശക്തൻ ഞാനോമനേ! പോരിക;
നിർവേദം പോക്കിനിന്നെ ഞാനാക്കവൻ;"
നാളനേകമീയേകാദശാക്ഷരീ-
യീരടിയെൻെറ കർണ്ണപുടങ്ങളിൽ;
2 സ്വർഗ്ഗീയാഹ്വാനനിശ്ശബ്ദസംഗീതം-
ദീർഘനിദ്രൻപോലേല്ക്കില്ലുമേറില;
ലോകഭോഗാശാഹാലാഹലാനല—
നേകഹവ്യമാംഹൈന്ദവധർമ്മമേ!
നേർവഴിനിൻെറയാജന്മശത്രുവോ?-
പാർവ്വണരവിവാസരാന്ധതമം;
പാർഷ്ട്രമേറുന്നനിൻവിധ്വത്തിപ്പിലേ
ഭ്രഷ്ടുനിസ്വനമന്ദിമഹാഭീയാൽ,
3 മുക്തിയാംപാലംനോക്കിഗമിക്കാതെ-
ഭുക്തിചെയ്യുന്നീയെത്രകോടിജ്ജീവൻ!!
"സർവ്വശക്തൻഞാനോമനേപോരിക—
നിർവ്വേദംപോക്കിനിന്നെ "ഞാനാക്കവൻ;"
കർണ്ണപീയൂഷംസ്വർഗ്ഗീയകാരുണ്യ—

പൂണ്ടീടിധ്വനിയെന്നു ശ്രവിച്ചുഞാൻ;
അന്നനിൻചുരുളൊക്കെയഴിഞ്ഞുപോ-
4 യന്നസ്വസ്ഥനായ്ഞാൻ "വിഷസർപ്പമേ"
സവ്വലൗകികസമ്പത്തുംലജ്ജയാ-
ലുർവ്വിവിട്ടോട്ടുമാറുമഹാർഹമാം
രത്നകോടികളംബരചത്വരേ-
യത്രമറേറവൻനിത്യംവിതറുന്നു?
മിത്രഭാവേനപാഴ്ത്തൃണത്തുമ്പിലു-
മെത്രരത്നങ്ങൾകോർത്തുവച്ചീടുന്നു?
ഘോരവാരിധി; തന്നുടെസമ്പത്താ-
ലാരുരത്നത്തിന്നാകരമാക്കിയോൻ?
മന്നിനേ തൻറസമ്പൽസമൃദ്ധിയാ-
ലെന്നുമേരത്നഗർഭയാക്കുന്നതാർ?
ഘോരകാന്താരമദ്ധ്യത്തിലുംമഹാ
വൈരക്കല്ലുകളാരുവച്ചീടുന്നു.
കാശ്യപിമുട്ടുംനീരാളംനിർമ്മിച്ച
5 കാർശ്യസ്നേഹിയാമേതൊരന്യാദൃശൻ?
സ്നേഹപാവകദഗ്ദ്ധനേ!യെങ്ങൾക്ക്
ദേഹമാത്മികഭക്ഷ്യമായ്ത്തന്നോനേ!!
ക്രൂശിലാണിയാൽത്തൈക്കതറസ്സിലു-
മാശിസ്സുംസർവ്വമംഗളദാതാവേ!!
തുംഗശൈലേശമൂർദ്ധാവിൽമിന്നുന്ന-
മംഗലാമരദീപമാംദൈവമേ!!
നിത്യസത്യമേ! സർവ്വരോടോതുകി-
6 ട്ടിന്നോതിടും "നേരിത്തുപോരിക"!!
പശ്യമസൂക്ഷ്മമാനുഷലോകമേ!
വിശ്വംമുന്നിനുമുന്നാകുമീശ്വരൻ
തുംഗകാപാലികാദ്രിയിൽസ്ലീവാമേൽ
തൂങ്ങുംശ്രീയേശുലോകൈകരക്ഷകൻ
അന്ധതാമിസ്രലോകത്തിൽവാഴുമെൻ
7 ബന്ധുവർഗ്ഗമേനേരിത്തുപോരിക.

## ഒക്ടോബർ മാസത്തിലെ

# പൊതു  നിയോഗം.

### ‘അയൽക്കാരൻെറ കീൎത്തിയെ പരിരക്ഷിക്കുക’

‘ഓരോരുത്തനും അവകാശമുള്ളതു അവനവനുകൊടുക്കുക’ യെന്നതാണല്ലോനീതി.

ഒരുമനുഷ്യൻ ന്യായമായവിധം കരസ്ഥമാക്കുന്ന ധനം അവൻേറതായിരിക്കുന്നതുകൊണ്ടു അതിനെ മോഷ്ടിക്കുന്നതു അനീതിയാണെന്നു എല്ലാവരും സംവദിക്കും. പക്ഷെ മോഷ്ടിക്കപ്പെട്ട ദ്രവ്യം, മനസ്സാക്ഷിയുടെ പ്രേരണമൂലമുണ്ടാകുന്ന അസഹ്യതനിമിത്തം അതിൻെറ ഉടമസ്ഥനു തിരിച്ചുകൊടുക്കുവാൻ പലപ്പോഴും മോഷ്ടാവിനു സാധിച്ചെന്നുവരാം. അയൽക്കാരൻെറസൽകീർത്തിയെ ഏതെങ്കിലുംവിധത്തിൽ നഷ്ടപ്പെടുത്തിയാൽ തന്മൂലമുണ്ടാകുന്ന അവമാനം അയാൾക്കു ദുസ്സഹമായിരിക്കും. യോഗ്യന്മാരായആളുകൾ തങ്ങളുടെ ധനത്തേക്കാൾ അധികം വിലമതിക്കുന്നതു തങ്ങളുടെ നല്ലപേരിനെയാണെന്നാർക്കാണറിഞ്ഞുകൂടാത്തതു.

നിർഭാഗ്യവശാൽ ഏതെങ്കിലും കാരണംമൂലം ആൎക്കെങ്കിലും തൻെറ അയൽക്കാരനോടു അതൃപ്തിയുണ്ടായികഴിഞ്ഞാൽ പിന്നെ ആ അയൽക്കാരൻെറ സൽകീർത്തിയെ നഷ്ടപ്പെടുത്തുന്നതിനുള്ള അവസരംമാത്രം നോക്കിക്കൊണ്ടു സ്ഥാനത്തും അസ്ഥാനത്തും അതിനായിശ്രമിക്കുകയാണചില ആളുകൾചെയ്തുവരുന്നതു. തങ്ങളുടെ നാക്കുകൊണ്ടും ചിലപ്പോഴൊക്കെ, തൂലികപ്രയോഗംകൊണ്ടും അവരുടെ അയൽക്കാരനെ അപകീർത്തിപ്പെടുത്തുന്നതിനു ചെയ്യുന്ന ശ്രമങ്ങൾകണ്ടാൽ ഇതൊരുവലിയ സൽകൃത്യംതന്നെയോഎന്നു സാധാരണന്മാർ സംശയിച്ചുപോകും. യഥാൎത്ഥത്തിൽ ഏററം അക്രമമായ ഈ പ്രവൎത്തിമൂലം തങ്ങളുടെഅയൽക്കാരനോടുചെയ്യുന്ന അനീതി എത്ര ഭയങ്കരമായിരിക്കുന്നുവെന്നും അതിനേ തങ്ങൾ എങ്ങനെ പരിഹരിക്കുമെന്നും ഇങ്ങനെയുള്ളവർ സഗൗരവം ആലോചിക്കേണ്ടതാകുന്നു.

ഇപ്രകാരമുള്ള അനീതിപരമായ പ്രവൃത്തിയുണ്ടാകാതെയിരിപ്പാനായി ഓരോരുത്തനും അവനവൻെറ അയൽക്കാരൻെറ കീർത്തിയെ യഥാവിധി പരിരക്ഷിക്കണമെന്നും അങ്ങനെ എല്ലാവരും ചെയ്യുന്നതിനായി ജപാപ്പൊസ്തലസഖ്യാംഗങ്ങൾ തീഷ്ണതാപൂർവം ഈ മാസത്തിൽ പ്രാൎത്ഥിക്കണമെന്നുമാണു പ. പിതാവു നിർദ്ദേശിച്ചിരിക്കുന്നതു.

# സുപ്രസാദകാലം.

(ബ്രദ. ജോൺമേരി, ഇൻഫൻറ് മേരീസ്-തിരുവല്ല.)

ഹാ! അനുഗ്രഹീതനായ മനുഷ്യൻ. ദൈവത്തിൻെറ പ്രത്യേകമായ പരിലാളനയ്ക്കു് പ്രത്യേകമായ വിധത്തിൽ പാത്രീഭൂതനായ മനുഷ്യൻ, അവനെ ഉദ്ദേശിച്ചു് സജ്ജീകരിയ്ക്കപ്പെട്ടിരിയ്ക്കുന്നതായ മഹത്തരമായ വേലയെ ചെയ്തു തീക്കുമ്പോൾ സർവ്വോപരി അനുഗ്രഹീതൻ തന്നെ. മനുഷ്യജീവിതത്തിൻെറ പരമോദ്ദേശ്യം ആ ഒന്നിൽ അന്തർലീനമായിരിയ്ക്കുന്നു. സർവ സൃഷ്ടിയുടേയും പിതാവും പരിപാലകനുമായ പരമകാരുണികൻെറ അതിവിസ്തൃതമായ മുന്തിരിത്തോട്ടത്തിൽ സകൗതുകം വേല ചെയ്തു് തീക്കുന്നതത്രേ മനുഷ്യായുസ്സിൻെറ സാഫല്യവും സൗഭാഗ്യവും. ഐഹികമായി മനുഷ്യനു് ലഭിയ്ക്കാവുന്ന ഔന്നത്യ പദവികളിലേക്കും സുതരാം സൗഭാഗ്യമേറിയതായി മനുഷ്യ ദൃഷ്ടിയിൽ പ്രത്യക്ഷപ്പെടുന്നതു് ഏതോ, അതു് കർത്തൃവയലിൽ സ്വേദകണങ്ങളണിഞ്ഞു് വിവിധങ്ങളായ കായക്ലേശങ്ങളേററു് നിർന്നിമേഷനായി വേല ചെയ്യുന്ന ഒരു സാധുവിൻേറതിനേക്കാൾ തുലോം അധമമായിട്ടുള്ളതാകുന്നുവെന്നു് സധൈര്യം ഉൽഘോഷിയ്ക്കാവുന്നതാകുന്നു. ആകാശവിരി അവനിയിൽ നിന്നു് എത്രമാത്രം വിദൂരമായിരിയ്ക്കുന്നുവോ അത്രമാത്രം കർത്തൃവേല മററുള്ള എല്ലാവറെറയെക്കാളും ഉന്നതമായിരിയ്ക്കുന്നു. ഈ ലോകത്തിൽ സന്തോഷവും സമാധാനവും വരുവാനുള്ളതിൽ നിത്യജീവനും പ്രദാനം ചെയ്യുന്ന പ്രസ്തുതവേല എത്രയോ ആശാസ്യമാണു്. "ചന്തസ്ഥലത്തു" മററു പരിസരങ്ങളിലും അഴന്നുഴന്നു് കാലത്തെപോക്കി ജീവനെക്കൊന്നു് ആത്മീയദാരിദ്ര്യമഭനവിയ്ക്കുന്ന നരവർഗ്ഗമേ! നിങ്ങളുടെ പിതാവിൻെറ ഫലപുഷ്ടിയുള്ള മുന്തിരിത്തോട്ടത്തിലേക്കു് ശീഘ്രം വരുവിൻ, ജോലി ധാരാളം. കൂലിയോ അപരിമിതം സമ്മാനം ബഹുലം. വരുവിൻ. വരുവിൻ.

മനുഷ്യരക്ഷയ്ക്കുവേണ്ടി അവതീൎണ്ണനായി അവൎണ്ണനീയമായ പാടുപീഡകളേററു ജുഗുപ്സാവഹമായ കുരിശുമരണത്തിന് സ്വയം വിധേയനായി ആത്മാക്കളുടെ ത്രാണനാൎത്ഥം ഇപ്പോഴും ദാഹിച്ചുകൊണ്ടിരിയ്ക്കുന്ന ഈശോമിശിഹായുടെ രക്ഷണ്യമായ ബലിമരണത്തിന് നാം ഓരോരുത്തരും അവകാശികളത്രേ. കുരിശിന്മേൽ വെച്ച് പ്രദൎശിപ്പിച്ച ആ ത്യാഗപൂൎവ്വകവും ഉജ്ജ്വലവുമായ സ്നേഹജ്വാലയ്ക്ക് പ്രതിവിധിയായി നാം എന്താണ് ചെയ്യേണ്ടതു്. സ്നേഹം സ്നേഹത്താൽ മാത്രമേ പരിഹരിയ്ക്കപ്പെടുവെന്നുള്ള കൊച്ചുത്രേസ്യായുടെ അനുഭവസിദ്ധമായ ദിവ്യോക്തിയെ സാദരം നാം ശ്രദ്ധിയ്ക്കേണ്ടതാണ്. സ്നേഹസ്വരൂപനായ ഈശോമിശിഹായുടെ ദാഹിച്ചു വരളുന്നതായ അധരപുടങ്ങളെ കുളിൎപ്പിക്കുന്നതിനുവേണ്ടി സ്നേഹപാരമ്യം വീശുന്ന ആത്മസംഭരണപാചക വിദ്യയിൽ ഉദ്യുക്തരായി നമ്മുടെ ഓരോരുത്തരുടേയും കൃത്യങ്ങളെ സ്വാനന്ദം അനുഷ്ഠിയ്ക്കേണ്ടതാകുന്നു. സ്വഭാവാതീതമായ വിധത്തിൽ ദായകങ്ങളായിട്ടുള്ള നിരവധി ദൈവീക നന്മകൾക്ക പ്രതിനന്മയായി നാം ചെയ്യേണ്ടതു്. അൎദ്ധനഗ്നനായി കുരിശിൽ കിടന്നു് കഷ്ടമനുഭവിച്ച ആ സ്നേഹമൂൎത്തിയുടെ ദാഹത്തെ ശമിപ്പിയ്ക്കയാണ്. ദായകരോട് കൃതജ്ഞത പ്രദൎശിപ്പിയ്ക്കേണ്ടതു് ഔചിത്യമായ മനുഷ്യധൎമ്മമെന്നു് മൎയ്യാദപ്രമാണം വാദിയ്ക്കുമ്പോൾ, അനൎഘമായ ആത്മാവിന്റെ വിലയെ നിനച്ചറിഞ്ഞു്, സ്വജീവപരിത്യാഗത്താൽ അതിനെ പരിത്രാണനം ചെയ്ത മിശിഹായോട് നാം എത്രമാത്രം കൃതജ്ഞതയുള്ളവരായിരിയ്ക്കണം. വരുവിൻ. കൎത്താവിന്റെ വേലയിൽ ഉത്സുകരായിരിപ്പിൻ. ദൈവനാമം മഹത്വപ്പെടുത്തുവിൻ. ക്രൈസ്തവരാജ്യം വിസ്തൃതമാക്കുവിൻ. ആത്മാക്കളെ സംഭരിപ്പിൻ. മിശിഹായുടെ ദാഹത്തെ തീൎക്കുവിൻ. ദൈവസ്നേഹത്തിനു് പ്രതിസ്നേഹം കാണിപ്പിൻ.

ഭാരതമിതാ പ്രേഷിതവേലയ്ക്കായി സജ്ജീകരിക്കപ്പെട്ടുകഴിഞ്ഞിരിയ്ക്കുന്നു. സന്മാൎഗ്ഗമെന്നതുതന്നെയും ഭാരതമുഖത്തുനിന്നും അപ്രത്യക്ഷപ്പെട്ടുവാൻ കാലം അധികം വേണ്ടിവരികയില്ല എന്നു് അധുനാതനന്മാരുടെ രാഷ്ട്രീയവും ജാതൈ്യകവുമായ പെരുമാററങ്ങൾ സാക്ഷ്യം വഹിയ്ക്കുന്നുണ്ടു്. ദൈവീകബോധം മനുഷ്യ

ഹൃദയങ്ങളിൽനിന്നും പലായനം ചെയ്യിപ്പിക്കുമാറ് പ്രേരകങ്ങളായിത്തീർന്നിട്ടുള്ള സ്വാഭാവികശക്തികൾ ദൃശ്യമായിത്തുടങ്ങുന്നുവെന്ന് ഉപരിപ്ലവദൃഷ്ട്യാ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഭാരതത്തെപ്പോലെയുള്ള ഇതരസാമ്രാജ്യവിഭാഗങ്ങൾപോലും ഭയങ്കരവിപത്തുകൾക്ക് നടനരംഗമായിത്തീർന്നുപോയി എന്നുള്ള പ്രലപനീയ വാർത്ത ശ്രവിക്കുമ്പോൾ തന്നെ, ഭാരതഭാവിയും എന്തായിരിക്കുമെന്ന് നാം ചിന്തിക്കേണ്ടതാണ്. നിരീശ്വരത്വം, പരിണാമവാദം, മതനിഷ്പക്ഷത, മുതലായ ഭയങ്കരവ്യാധികൾ ഭാരതമാതാവിന്റെ സാത്വിക മേനിയിൽ അങ്ങുമിങ്ങും വ്യാപിക്കുന്നുണ്ട് എന്നോർക്കുമ്പോൾ അവളുടെ അരുമസന്താനങ്ങളായ നാമോരോരുത്തരും വ്യാധിനിർമ്മൂലനാർത്ഥം അരയും തലയും മുറുക്കി ഇറങ്ങിപ്പുറപ്പെടേണ്ടതാകുന്നു. നമ്മുടെ ബുദ്ധിശക്തി എവിടെ? ധനമെവിടെ? വാഗ്മിത്വമെവിടെ? തൂലിക എവിടെ? പ്രാർത്ഥന എവിടെ? ത്യാഗപൂർവകമായ ജീവിതമെവിടെ? നല്ല ദൃഷ്ടാന്തമെവിടെ? ഈ ദൃശ്യ സാമഗ്രികളെ ശേഖരിച്ച് ഇപ്പോൾതന്നെ ഭാരതവയലിലേക്കു നമുക്ക് യാത്ര പുറപ്പെടാം.

സ്വാഭിലാഷനിവൃത്തിയ്ക്കുവേണ്ടി സ്വപിതാവിനേയും സ്വഭവനത്തേയും പരിത്യജിച്ച് ദൂരദേശത്തേയ്ക്ക് വാങ്ങിപ്പോയ ധൂർത്തപുത്രനെപ്പോലെ സ്വമാതാവാകുന്ന തിരുസഭയെ നിഷ്കരുണം ധർമ്മസങ്കടത്തിൽ നിപതിപ്പിച്ച് "സഭ, മ്ശിഹാ, ദൈവം ഇവരില്ലാത്തവരായി അന്ത്യത്തിൽ അസന്മാർഗ്ഗമാകുന്ന നാശഗർത്തത്തിലേക്ക് തലകീഴായി മറിയുവാനിരിക്കുന്നു" (Contemporary Godlessness by Dr. John S. Zybura) നമ്മുടെ സ്വന്തരക്തത്തിൽ നിന്നു രക്തവും മാംസത്തിൽനിന്നു മാംസവുമായ ശീശ്മാത്തുരരായ സഹോദരങ്ങൾ കഷ്ടപ്പെടുന്നത് നമ്മുടെ ദൃശ്യദൃക്കുകൾക്ക് ഗോചരം തന്നെ. "അവർ ഇടയനില്ലാത്ത ആട്ടിൻ കൂട്ടമത്രെ. മാർഗ്ഗമററ പ്രദേശങ്ങളിൽ അവർ അലഞ്ഞുനടക്കുന്നു. അവർ ഏതു തൊഴുത്തിൽ നിന്നും വ്യതിചലിച്ചുപോയോ ആ തൊഴുത്തിലേക്കുതന്നെ ആനയിപ്പിക്കുവാൻ പ്രാപ്തനായ ഒരു മാർഗ്ഗദർശിയ്ക്കായി വാഞ്ഛിച്ചുകൊണ്ടിരിക്കുന്നു" ( Fr. Bertrand L

con way C. S. P. in white Harvest. Fdited by Rev. John A O'Brien Ph. D. New York) ക്രിസ്തുവിനേയും ക്രിസ്തുവിന്റെ രക്ഷാകരമായ ബലിയേയും രക്ഷാമാർഗ്ഗമായ സഭയേയും സംബന്ധിച്ച് യാതൊന്നുമേ തന്നെ കേൾക്കാതെ അജ്ഞാനതിമിരത്താൽ അന്ധരായിത്തീർന്ന അനേകായിരം നമ്മുടെ ചുറവും 'തപ്പി' നടക്കുന്നില്ലേ. യഥാർത്ഥമായ ജീവന്റെ വെളിച്ചത്തിലേക്ക് അവർ വന്നെത്തുവാൻ അല്ലഴപ്പെട്ടുകൊണ്ടിരിക്കുന്നു. ആംഗ്ലേയ കവിതാരാമത്തെ പഞ്ചമരാഗത്തിലുള്ള ഗാനപീയൂഷത്താൽ സുന്ദരതരമാക്കിത്തീർത്ത സുപ്രസിദ്ധി നേടിയ കവികോകിലമായ ടെനിസൺ "ഇൻ മെമ്മോറിയം" എന്ന കാവ്യതല്ലജത്തിൽ ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു. "രാത്രിയിൽ ഇതാ ഒരു രോദനം. പ്രകാശ ദർശനാർത്ഥം വിലപിച്ചുകൊണ്ടിരിക്കുന്ന ഒരു ശിശുവിന്റെ കരച്ചിലാണ് അത്. ആയത് കേവലം രോദനമല്ലാതെ വാഗ്പിത്തമല്ല". ഇത് ഭാരതത്തെക്കുറിച്ച് ഇന്ന് എത്ര അന്വർത്ഥമായിരിക്കുന്നു. ആത്മീയ വെളിച്ചത്തെ പ്രദാനം ചെയ്യുന്നതിന് ലോകത്തിന്റെ വെളിച്ചമെന്ന് അഭിസംബോധനചെയ്യപ്പെട്ട് നിയോഗിതരായ പ്രേഷിതരുടെ ആഗമനം തൽഘട്ടത്തിൽ ഏററവും അനുപേക്ഷണീയമാണ്. ലോകമെങ്ങും അന്ധകാരം വ്യാപിക്കുമ്പോൾ പ്രകാശവാഹികളായി ചന്ദ്രതാരങ്ങൾ അംബര വീഥിയിൽ വന്നണയുന്നതുപോലെ, അജ്ഞാനവും, അവിശ്വാസവും, അസന്മാർഗ്ഗവും തങ്ങളുടെ അന്ധകാരകന്ദളങ്ങളെ വീശുമ്പോൾ, വിളക്കുതണ്ടിന്മേൽ സ്ഥാപിതവും ജാജ്വല്യവുമായി കത്തിയെരിഞ്ഞുകൊണ്ടിരിക്കുന്ന അനേക ദീപങ്ങൾ ഉണ്ടാകേണ്ടതായ കാലം അതിക്രമിച്ചിരിക്കുന്നു. ഓ; ഭാരതത്തിന്റെ എല്ലാ ദിഗന്തങ്ങളിൽനിന്നും അനുസ്യൂതമായ വിളി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ വിളിയെ ശ്രവിച്ച് ഇറങ്ങി പുറപ്പെടുന്നവർ എത്രപേരുണ്ട്? "കൊയിത്തു വളരെ, വേലക്കാരോ ചുരുക്കം". കൊയിത്തു കാലം സന്തോഷപ്രദായകമായ ഒരു ഘട്ടമാകുന്നു. ജനം അത്യുൽക്കണ്ഠയോടുകൂടി നോക്കിപ്പാർത്തിരിക്കുന്ന സൗഭാഗ്യസമ്പൂർണ്ണമായ ഒരു പ്രസ്താവ സംഭവമത്രെ അത്. പ്രത്യാശാസംഭരിതമായ ഹൃദയഭണ്ഡാരത്തെ തുറന്നുകൊണ്ട് പ്രതീക്ഷാകാംക്ഷികളെ അത് വിനോ

ദിപ്പിക്കുന്നു."(Pastoral review).

ഭാരതം പ്രദാനം ചെയ്യുന്ന ഈ സുവർണ്ണാവസരത്തെ നമുക്ക് നഷ്ടപ്പെടുത്തുവാൻ സാധിക്കുമോ? മലബാറിൽ ഉൽഘാടനം ചെയ്തിരിക്കുന്ന അഭിനവ കവാടത്തെ നാമോരോരുത്തരും കാണുന്നില്ലേ? "എന്റെ പിതാവിന്റെ ഭവനത്തിൽ എത്രയോ വേലക്കാർ അപ്പം തിന്നു ശേഷിപ്പിക്കുന്നു" എന്നുള്ള ദീനാലാപം പാടിക്കൊണ്ട് സ്വഭവനമായ കത്തോലിക്കാ മാതാവിനെ നോക്കി അശ്രുകണങ്ങൾ പൊഴിക്കുന്ന നമ്മുടെ സഗർഭ്യരായ യാക്കോബായക്കാരാദിയായവരെ നാം കാണുന്നില്ലേ? അവരുടെ ധർമ്മസങ്കടം നമ്മിൽ വികാരങ്ങളെ ഉളവാക്കുന്നില്ലേ? ആത്മാക്കളുടെ വില അനർഘമാകുന്നു. ഇവിടെയും എവിടെയും വേല ധാരാളം. കത്തോലിക്കരെ! ഉണർന്നു പ്രവർത്തിപ്പിൻ. നിങ്ങളുടെ സന്താനങ്ങളെ പ്രേഷിതവേലയ്ക്കായി നിയോഗിപ്പിൻ. നിങ്ങളുടെ നിക്ഷേപങ്ങളെ തുരുമ്പും എറുമ്പും കടക്കാത്ത സ്വർഗ്ഗത്തിൽ നിക്ഷേപിപ്പിൻ. കുഞ്ഞുങ്ങളെ! കർത്താവിന്റെ വീരഭടന്മാരാകുന്നതിന് നിങ്ങൾ നിങ്ങളെത്തന്നെ സമർപ്പിപ്പിൻ. പ്രേഷിതരേ! തീക്ഷ്ണതയോടും ത്യാഗശീലത്തോടും പ്രേഷിതവീര്യത്തോടും കൂടി പ്രവർത്തിപ്പിൻ. ഇതാ! വയൽ വെളുത്തിരിക്കുന്നു.

# സാത്താന്റെ സാക്ഷി.

( ഫാദർ. എജീദിയോസ് സി. ഡി. )

1832 സെപ്തംബർമാസം 18ാംനു- സ്വിററ്സർലാണ്ടിലുള്ള ലുച്ചെർണ്ണ് എന്ന സ്ഥലത്തുവെച്ചു നിക്കോളാസ് വൊൾഫ് എന്ന സാധു കൃഷീവലൻ ചരമഗതി അടഞ്ഞു. അദ്ദേഹം വലിയ ഭക്തൻ ആയിരുന്നു എന്നുതന്നെയല്ല, രോഗശാന്തിക്കുള്ള അത്ഭുതവരംകൂടെയും പ്രാപിച്ചവനായിരുന്നു. ഈ വരം അയാൾ പ്രാപിച്ചതു 'ഈശോ' എന്ന തിരുനാമത്തോടുള്ള പ്രാർത്ഥനാവഴിയായിട്ടായിരുന്നു. ഇദ്ദേഹത്തിന്റെ ആശ്രയം തേടിവന്നിരുന്ന ദീനക്കാരുടെ സംഖ്യ സീമാതീതമായിരുന്നു എന്നുതന്നെയാണ് പറയേണ്ടിയിരിക്കുന്നതു്.

ഈ അത്ഭുതവരം ജീവിതസംശുദ്ധിയോടു സംഘടിതമായിരുന്നതിനാൽ മതാദ്ധ്യക്ഷന്മാർ ഇതിനു യാതൊരുതടസ്സവും ചെയ്തിരുന്നില്ല. തന്നെയുമല്ല അദ്ദേഹത്തിന്റെ പ്രവൃത്തികൾ ശാസ്ത്രികളാലും ദൈവികശാസ്ത്രജ്ഞന്മാരാലും അംഗീകൃതമായും ഇരുന്നിരുന്നു. എന്നിരുന്നാലും ഈ അത്ഭുതകരപ്രവൃത്തികൾ വൈദികാധികാരികൾക്കു വല്ലവിധത്തിലും ഉപദ്രവകരമായേക്കുമോ എന്നപോലുമുള്ള ചില അഭിപ്രായം വൈദികരുടെ ഇടയിൽ സ്ഥലംപിടിക്കാതിരുന്നില്ല. അയതിനാൽ സ്വിററ്സർലാണ്ടിൽ വളരെ ജനസ്വാധീനമുള്ളയാളും വലിയശാസ്ത്രിയും പിൻകാലത്തു റാററിസ്ബെണ്ണിലെ മെത്രാനുമായി തിരഞ്ഞെടുക്കപ്പെട്ട 'സെയിലർ' എന്ന വന്ദ്യദേഹത്തോട് പ്രസ്തുത സംഗതി അറിയിക്കപ്പെട്ടപ്പോൾ അദ്ദേഹം അവരോട് പറഞ്ഞതായത്: “എന്റെ സഹോദരരേ! കാര്യം നിങ്ങൾ പറഞ്ഞതുപോലെയാണെങ്കിൽ തടസ്സംചെയ്യാൻ വളരെ സൂക്ഷിച്ചുകൊള്ളണം. പരിശുദ്ധാത്മാവ് നിശ്വസിക്കുന്നത് അവിടുത്തേക്ക് മനസ്സായ ഇടത്താകുന്നു. അതിനെ തടയുവാൻ ആർക്ക് ധൈര്യംതോന്നും.”

ഇങ്ങനെയിരിക്കെ ബാഡനിലെ ബ്ളാക്ക്ഫോറസ്റ്റ് എന്ന സ്ഥലത്തുനിന്നു പിശാചുബാധിതയായ ഒരു സ്ത്രീയെ ന. കഥാനായകന്റെപക്കൽ കൊണ്ടുവന്നു, അവളെ ഒരു ഭയങ്കര ബാധയിൽനിന്നും രക്ഷിക്കണമെന്നപേക്ഷിച്ചു. അദ്ദേഹം അവളെ സ്വീകരിച്ചശേഷം ചില സാക്ഷികളെ ആവശ്യപ്പെടുകയും അവരുമൊരുമിച്ചു, മനുഷ്യജാതിയെ അശുദ്ധാത്മാവ് എങ്ങിനെയാണ് തട്ടിച്ചുപാപത്തിൽ വീഴിക്കുന്നതെന്നു അറിയിച്ചുതരേണമെന്നു ദൈവത്തോടു പ്രാർത്ഥിക്കുകയുംചെയ്തു. അതിന്റെശേഷം പിശാചിനോട് “ദൈവം നിന്നോട് പ്രമാണിച്ചിരിക്കുന്നതുപറയുക. അവിടുന്നു കണിശമായി മുടക്കിയിരിക്കുന്നതിനെപ്പററി മൗനം അവലംബിക്കുകയുംചെയ്യു.” എന്നു കല്പിച്ചു. ഇതുതന്നെ പലപ്രാവശ്യം അദ്ദേഹം ഉരുവിട്ടു. താഴെ പറയുന്നസംഗതികൾ 17 ആളുകളുടെ മുമ്പാകെ പരസ്യമായി പറഞ്ഞുകൊടുത്തിട്ടുള്ളതാണ്. അതു അദ്ദേഹംതന്നെ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(i)

## വിശ്വാസപരിവത്തനം.

മനുഷ്യഗണത്തെ ഞങ്ങൾ അവിശ്വാസത്തിലേക്ക് ചായിക്കുന്നതു് എങ്ങിനെയെന്നാൽ “ ഇപ്പോൾ പഠിപ്പിക്കപ്പെടുന്നതും പഠിപ്പി

ക്കപ്പെട്ടിട്ടുള്ളതും മനുഷ്യജനങ്ങൾ വിശ്വസിച്ചിരുന്നതും ആയ സംഗതികളിൽ ലവലേശം സത്യമില്ല. അതു നമുക്ക് അഗ്രാഹ്യമായിട്ടുള്ളതാണ്. സത്യമതം ഇതുപോലെയുള്ളതല്ല. ബുദ്ധിയുടെ ഉപയോഗത്തെ നാം പിൻചെല്ലണം. നമുക്ക് അഗ്രാഹ്യമായ സംഗതികളെ നമുക്ക് വിശ്വസിക്കുവാൻ കടമയില്ല." എന്നിങ്ങനെ പറയും. തന്മൂലം അവർ വെളിപ്പെടുത്തപ്പെട്ടമതത്തെ ഉപേക്ഷിക്കുകയും നവീനവും സ്വന്തവുമായ ഒന്നിനെ കണ്ടുപിടിക്കുകയും ചെയ്യും. ദൈവം ഇല്ല എന്നുപറയുന്നതിനു എളുപ്പമാണ്. മരിച്ചവർ മരിച്ചുപോയി. അവയെല്ലാം ഭോഷത്വങ്ങളാണ്. എനിക്കുസാദ്ധ്യമായ എല്ലാ വഴിയിലൂടെയും ഞാൻ ദ്രവ്യം സമ്പാദിക്കും. എന്റെ ദുരാശകളെ ഞാൻ സാധിപ്പിക്കുകയും ലൌകികസന്തോഷങ്ങളെ എന്റെ ഹൃദയത്തിന്റെ അഗ്രഹത്തിനൊത്തവണ്ണം ഞാൻ ആസ്വദിക്കുകയും എനിക്കിഷ്ടമുള്ളതെല്ലാം ഞാൻ പ്രവൃത്തിക്കുകയും ചെയ്യും.

## (ii)

## പ്രതാപപൂരിതയായ സ്ത്രീരത്നത്തോടുള്ള മാദ്ധ്യസ്ഥം.

പ്രതാപപൂരിതയായ 'ആ സ്ത്രീരത്ന'ത്തോടുള്ള, (പേർപറയുവാൻ മടിക്കുന്നു,) മാദ്ധ്യസ്ഥത്തെപ്പറ്റി ഞങ്ങൾ ജനങ്ങളോടു പറയുന്നതായതു്: 'ഈ മാദ്ധ്യസ്ഥപ്രവൃത്തിയുടെ ഫലം എന്തു്? കാതലായതിനെ നാം ബലമായിപിടിക്കണം.' തന്മൂലം സർവ്വപ്രധാനമായ ഒരു സംഗതിയെ അവർ നശിപ്പിക്കുന്നു എന്നു് അവർ അറിയാതിരിക്കുന്നില്ല. 'വാസ്തവത്തിൽ അവർ ദൈവത്തോടപേക്ഷിക്കുന്ന ഓരോസംഗതിയും സാദ്ധ്യമായിത്തന്നെ ഇരിക്കുന്നു. സത്യം പറയുന്നു എങ്കിൽ ജപമാല വളരെ വിശേഷമായ ഒരു പ്രാൎത്ഥനയാകുന്നു. ഒരു ഏക നന്മനിറഞ്ഞമറിയം എന്ന ജപം ദുരിതങ്ങളുടെ ഫലമായ ശുദ്ധീകരസ്ഥലത്തെത്തുന്നു 'നന്മനിറഞ്ഞ മറിയമെ' എന്നു ഒരാൾ ജപിക്കുന്നു എങ്കിൽ ആ പ്രതാപപൂരിതയായ സ്ത്രീരത്നം ആനന്ദിക്കുകയും ഞങ്ങൾ ഭയപ്പെടുകയും ചെയ്യുന്നു.' ഞങ്ങൾപറയുന്നതായതു്: "ജപമാല ഫലശൂന്യമാകുന്നു. അതു് തഴക്കത്താൽ ചെയ്യപ്പെടുന്നതാകുന്നു. അതു കിഴവികളുടെ ജോലിയാണ്. അതു കാതലായതല്ല. പലവിധമായ പ്രാർത്ഥനകൾ നാം ഉപയോഗിക്കണം." "വാസ്തവത്തിൽ ജപമാല നരകത്തെ ഭയപ്പെടുത്തുന്ന ഒന്നുതന്നെയാകുന്നു. ഉത്തരിയത്തെക്കുറിച്ചു പറയുകയാണെങ്കിൽ, അതുകൾ ധരിക്കുന്നതുകൊണ്ടുതന്നെ അനേകൎക്ക് നിരവധിനന്മകൾ ലഭിക്കുന്നു. 'ഈ ചെറിയ

## ഉപകാരസ്മരണ

വിശുദ്ധ യൗസേപ്പുപിതാവിൻെറയും വിശുദ്ധകൊച്ചുത്രേസ്യായുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനുപകാരസ്മരണ. 1 രു.

റവ. ജോ. വാച്ചാപറമ്പിൽ

## ചരമവാർത്തകൾ.

ചങ്ങനാശേരി രൂപതയിൽചേൎന്ന മിത്രക്കരിഇടവകക്കാരനും കേ. കത്തോലിക്കസമുദായത്തിൽനിന്നും ഇദംപ്രഥമമായി എൽ. എൽ. ഡി. ബിരുദം സമ്പാദിച്ച ആളുമായ ഡാക്ടർ സി. എൽ. മര്യാൻ എം. എ. ബി എൽ. എൽ. എൽ. ഡി. മദ്രാസിൽവച്ചു ന്യൂമോണിയാ ദീനത്താൽ ചരമഗതി പ്രാപിച്ചിരിക്കുന്നു. ശവസംസ്ക്കാരം അനേക വൈദികരുടേയും ജനങ്ങളുടേയും സഹകരണ സാന്നിദ്ധ്യത്തിൽ മൈലാപ്പൂർ സിമിറററിയിൽ നടത്തുകയുണ്ടായി. സമുദായത്തിൽ ഗണനീയന്മാരിലൊരാളും പ്രസിദ്ധനുമായിരുന്ന ഡാക്ടർ മര്യാൻെറ ചരമത്തിൽ അദ്ദേഹത്തിൻെറ ബന്ധുമിത്രാദികളോടുകൂടി ഞങ്ങളും അനുശോചിക്കയും ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകുന്നമെന്ന് ഓർമ്മിപ്പിക്കയും ചെയ്തുകൊള്ളുന്നു.

പുളിങ്കുന്നു ഇടവക വാച്ചാപറമ്പിൽ ബ. സക്കറിയാച്ചൻ പി. എച്ച്. ഡി, അവർകളുടെ സഹോദരൻവാച്ചാപറമ്പിൽസേവ്യർ(ശൌരി) അന്ത്യക്രുദാശകളെല്ലാം സുഃബോധത്തോടെകൈക്കൊണ്ടു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ഈ ആളിൻെറ ആത്മാനുകൂലത്തേം പ്രാർത്ഥിപ്പാറാകണം.

## വർത്തമാനക്കുറിപ്പുകൾ.

### ചരമഗതിപ്രാപിച്ചു.

റോമയിലെ പ്രൊപ്പഗാന്ത തിരുസംഘത്തിൻെറ ജനറൽ പ്രീഫെക്ററായിരുന്ന അത്യുന്നതകർദ്ദിനാൾ വാൻറോസം തിരുമനസ്സുകൊണ്ടു ഇക്കഴിഞ്ഞ ആഗസ്റ്റ് 23 ാം തീയതി ചരമഗതിപ്രാപിച്ചതായറിഞ്ഞു വ്യസനിക്കുന്നു. ലോകമാസകലമുള്ള മിഷ്യനറിജോലികളുടെ നിർദ്ദേശകനും പ്രോത്സാഹകനുമായിരുന്ന തിരുമനസ്സിലെ ദേഹവിയോഗം കത്തോലിക്കലോകത്തിനു അപരിഹാര്യമായ ഒരു വലിയ നഷ്ടംതന്നെയാണ്. R. I. P.

### രാജകീയസന്ദർശനം.

ഉത്തഃരന്ത്യാപര്യടനം കഴിഞ്ഞു തിരിച്ചെഴുന്നള്ളിയിരിക്കുന്ന മഹാരാജാവു തിരുമനസ്സിലേയും യൂറോപ്പുസന്ദർശനംകഴിച്ചു തിരിച്ചെത്തിയിരിക്കുന്ന അമ്മമഹാറാണി, കൊച്ചുതമ്പുരാട്ടി എന്നീതിരുമേനികഃളയും ചങ്ങനാശേരിമെത്രാൻ ഡാക്ടർ ജെയിംസുകാളാച്ചേരിതിരുമനസ്സുകൊണ്ടു തിരുവനന്തപുരത്തുചെന്നു

സന്ദർശിച്ചു മടങ്ങിയെത്തിയിരിക്കുന്നു. അമ്മമഹാറാണിതിരുമനസ്സുകൊണ്ട്, ജോർജ്ജുചക്രവർത്തി, പീയൂസ് പാപ്പാ എന്നീ തിരുമേനിമാരെ സന്ദർശിച്ച വിവരങ്ങളെയും മററുവിശേഷങ്ങളേയും കുറിച്ച് ദീർഘനേരം മെത്രാനച്ചൻതിരുമേനിയോടു സംസാരിക്കയുമുണ്ടായി.

## വൈദികധ്യാനസന്ദർശനം.

കുറവിലങ്ങാട്ട് മുട്ടുചിറ ഭരണങ്ങാനം രാമപുരം മുതലായ ഫൊറോനാ പള്ളികളിൽ ബ. വൈദികരുടെ ആത്മീകധ്യാനം നടത്തപ്പെട്ട അവസരത്തിൽ വന്ദ്യ മെത്രാനച്ചൻതിരുമനസ്സുകൊണ്ടു ആ പള്ളികളിൽ എഴുന്നെള്ളി ധ്യാനത്തിൽസംബന്ധിച്ചിരുന്ന ബ. വൈദികരെ സന്ദർശിച്ചു സന്ദർഭോചിതമായ ഉപദേശങ്ങൾ നൽകി, മടങ്ങിയെത്തിരിക്കുന്നു.

## തിരിച്ചുവരുന്നു.

പരിശുദ്ധപിതാവിനെ സന്ദർശിക്കുന്നതിനും ഡബ്ലിൻ കോൺഗ്രസ്സിൽ സംബന്ധിക്കുന്നതിനുമായി യൂറോപ്പിലേക്കുപോയിരിക്കുന്ന ബഥനി മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തിരുമനസ്സുകൊണ്ടു രണ്ടുമൂന്നാഴ്ചക്കകം പലസ്തീനാ ആദിയായ വിശുദ്ധസ്ഥലങ്ങൾ സന്ദർശിച്ചശേഷം ഇങ്ങോട്ടു തിരിക്കുന്നതാണെന്നറിയുന്നു. തിരുമനസ്സിലെ യൂറോപ്പുസന്ദർശനം പ്രതീക്ഷയെ അതിലംഘിച്ചു വിജയപ്രദമായിട്ടാണ് പര്യവസാനിച്ചതെന്നറിയുന്നത് മലങ്കര നിവാസികൾക്കു സന്തോഷകരംതന്നെ. തിരുമേനി സസുഖം തിരിച്ചെത്തുന്നതിനു ദൈവം അനുഗ്രഹിക്കട്ടെ.

## ‘ദാസൻ’പത്രം വീണ്ടും.

കുറേനാളായി മുടങ്ങിക്കിടന്നിരുന്ന ദാസൻപത്രം വീണ്ടും പുറപ്പെട്ടുതുടങ്ങിയിരിക്കുന്നതായികാണുന്നതിൽ സന്തോഷിക്കുന്നു. ദാസനെപ്പോലെയുള്ള ഒരു പ്രസിദ്ധീകരണം കത്തോലിക്കാസമുദായത്തിനു, പ്രത്യേകിച്ചും ഈ കാലഘട്ടത്തിൽ, ആവശ്യമാണെന്നു അധികംപേർ നിഷേധിക്കുമെന്നു തോന്നുന്നില്ല. പക്ഷേ അതർഹിക്കുന്നത്ര പ്രോത്സാഹനം സമുദായാംഗങ്ങളിൽനിന്നും ലഭ്യമായിരുന്നെങ്കിൽ ഭൂതകാലത്തിലതിനുണ്ടായ അനുഭവംകൂടാതെ കഴിക്കാമായിരുന്നേനെ. ഭാവിയിലെങ്കിലും സമുദായത്തിൻെറ സഹായസഹകരണങ്ങൾ കൊണ്ടു മുടക്കംകൂടാതെ നടത്തിക്കൊണ്ടുപോകുവാൻ ഭാരവാഹികൾക്കു സാദ്ധ്യമാകുമെന്നു വിശ്വസിക്കട്ടെയോ?

## വിശേഷാൽപ്രതി.

വിശുദ്ധകുർബാനയുടെ ലോകമഹാ കോൺഗ്രസ്സുസംബന്ധിച്ചു ചെറുപുഷ്പംമാസികാപ്രവർത്തകന്മാർ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ആകർഷണീയമായ വിശേഷാൽപ്രതി കൈപ്പററി നന്ദിപറയുന്നു. ഈ പ്രസിദ്ധീകരണംവായിച്ചാൽ കോൺഗ്രസ്സുനടപടികളുടേയും വിശേഷങ്ങളുടേയുംമററും സമഗ്രമായ ജ്ഞാനംസിദ്ധിക്കുന്നതാണ്. സന്ദർഭോചിതമായ പടങ്ങൾകൂടി ചേർത്തിട്ടുള്ള ഈ വിശേഷാൽപ്രതി 10ണ വിലയ്ക്കു ചെറുപുഷ്പംമാസികയുടെ ആഫീസിൽനിന്നും ഏവർക്കും വാങ്ങിക്കാവുന്നതാണ്.